# കേരള പ്രൈവററ് കോളേജ് ടീച്ചർ

ഒക്ടോബർ 1982

പിരിച്ചുവിടലിനെതിരെ സമരം



# KPCTA Journal

# തെക്കൻകാറെറന്നുപറയുന്നത്....

'തെക്കൻ കാററി'നെ കാത്തു കാത്തിരിക്കുന്ന അധ്യാപകരേ, നിങ്ങളുടെ ക്ഷമയ്ക്ക് പത്മഭൂഷൺ തരാൻ എനിക്ക് മോഹമുണ്ട്. പക്ഷെ, അത് എന്റെ കയ്യിലുള്ളതല്ലല്ലോ. ബഹു: വിദ്യാഭ്യാസ മന്ത്രി സ്ഫടിക സ്ഫുടമായി പറഞ്ഞതാണ് കോളേജധ്യാപകരുടെ കാര്യത്തിൽ തീരുമാനം സത്വരമായുണ്ടാവുമെന്ന്. തീരുമാനമെടുത്തുകൊണ്ടിരിക്കുകയാണെന്നുപോലും ബഹു: മന്ത്രി കോൺഫറൻസിൽ പറഞ്ഞതായിട്ടാണറിവ്. അദ്ദേഹം പ്രസംഗങ്ങളിൽ അതാവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും അതാവർത്തിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണല്ലോ തെക്കൻ കാററിലൂടെ വരുന്ന സന്ദേശത്തെ നാം കാത്തിരിക്കുന്നത്.

തെക്കൻ കാറെറന്ന് പറയുന്നത്; തിരുവനന്തപുരം ആകാശവാണിയെ ആണെന്ന് മനസ്സിലായി. പ്രധാനപ്പെട്ട തീരുമാനങ്ങളൊക്കെ നാം ഇപ്പോൾ അറിയുന്നത് ആകാശവാണി മുഖേനയാണ്. വാർത്താവിനിമയത്തിൽ ആകാശവാണി ഒരു വിപ്ലവം തന്നെയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്....ആകാശവാണി നമ്മെ നയിക്കുന്നു.

ഓർത്തുനോക്കുമ്പോൾ, കുറെ നാൾ മുമ്പ് ആകാശവാണി കേൾക്കാൻ കോളേജധ്യാപകർ നോററിരുന്ന കാര്യം മനസ്സിൽ വന്നു. 1981 ഫെബ്രുവരിയിലെ സമരം പിൻവലിച്ചതിന്റെ പുറകെയാണ് അതുണ്ടായത്. ഗവൺമെൻറ് തീരുമാനം ഉടൻ ഉണ്ടാകുമെന്നാണ് കരുതപ്പെട്ടത്. പണിമുടക്കുകാലത്തെ ശമ്പളം ഉൾപ്പെടെ വാഗ്ദാനം ചെയ്യപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചൊക്കെയുള്ള തീരുമാനങ്ങൾ ആകാശവാണിയിൽ കേൾക്കാൻ കഴിയുമെന്ന് അധ്യാപകർ പ്രതീക്ഷിച്ചു.

ആ പ്രതീക്ഷ എത്രമാത്രം അതിരുകടന്നതാണ് എന്ന് ആയിടക്ക് ബഹു: വിദ്യുച്ഛക്തി മന്ത്രി ശ്രീ ബാലകൃഷ്ണപിള്ള ഒരു പ്രസ്താവനയിൽ സൂചിപ്പിച്ചു. ഒന്നും വരാൻ പോകുന്നില്ലെന്നും, കാത്തിരിക്കുന്ന പോഴത്തം അനുകമ്പാർഹമാണെന്നും അദ്ദേഹം പറഞ്ഞു... അതായിരുന്നു പക്ഷെ സത്യം. ബാലകൃഷ്ണപിള്ള ഇപ്പോഴും മന്ത്രിയാണ്. അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല എന്നത് അർത്ഥവത്തല്ലേ?

തെക്കൻ കാററിനെപ്പററിയുള്ള കുറിപ്പ് വായിച്ചപ്പോൾ ഇതൊക്കെ ഓർത്തുപോയി. നിരാശപ്പെടുകയെന്ന അനുഭവം കോളേജധ്യാപകർക്ക് പുത്തരിയല്ല എന്നതു തന്നെയാണൊരാശ്വാസം. എങ്കിലും ചോദിക്കട്ടെ-ഇങ്ങനെ


# കേരള പ്രൈവററ് കോളേജ് ടീച്ചർ

അഖിലകേരള പ്രൈവററ് കോളേജ് അദ്ധ്യാപകസംഘടനയുടെ മുഖപത്രം

ഒക്ടോബർ 1982
ലക്കം 40
വില ഒരു രൂപ



പത്രാധിപസമിതി:

എം. ആർ. ചന്ദ്രശേഖരൻ (ചെയർമാൻ)
എൻ. എം. ജോസഫ്
എം. കെ. ചിണ്ടൻകുട്ടി
തോളൂർ ശശിധരൻ
കെ. കെ. രാമകൃഷ്ണൻ
ടി. ഗോപാലകൃഷ്ണൻ
വി. നാരായണൻ കുട്ടി
വി. എൻ. മുരളി (ചീഫ് എഡിററർ)

# യൂണിവേഴ്സിററികളുടെ പരീക്ഷ നടത്തിപ്പ്

അങ്ങനെ, ഒടുവിൽ, ബി കോം പരീക്ഷയുടെ റിസൾട്ട്കൂടി പ്രഖ്യാപിച്ചതോടെ കാലിക്കററ് യൂണിവേഴ്സിററിയുടെ കഴിഞ്ഞ ഏപ്രിൽ—മെയ് പരീക്ഷകളിൽ വലിയൊരു വിഭാഗത്തിന്റെ ഫലപ്രഖ്യാപനം നടന്നു കഴിഞ്ഞു. ഇനിയും പുറത്തുവരാത്ത ബിരുദാനന്തര പരീക്ഷാഫലങ്ങളുണ്ട്. എന്ന് പരീക്ഷനടക്കും, എന്ന് റിസൾട്ട് വരും എന്ന് ആർക്കും അറിഞ്ഞുകൂടാത്ത എൻജിനീയറിംഗ് പരീക്ഷകളുടെയും, യൂണിവേഴ്സിററി പഠന—ഗവേഷണ വകുപ്പുകളുടെവക ബിരുദാനന്തര 'സ്പെഷൽ' പരീക്ഷകളുടെയും കാര്യങ്ങളെപ്പററി തല്ക്കാലം ഇവിടെ എന്തെങ്കിലും പറയാൻ ഉദ്ദേശിച്ചിട്ടില്ല. ദേവായൂരിന്നപ്പുറത്തുള്ള ചിലരുടെയും ചില യൂണിവേഴ്സിററി ഉദ്യോഗസ്ഥൻമാരുടെയും പരമരഹസ്യകാര്യമായിട്ടുള്ള മെഡിക്കൽ പരീക്ഷകളെപ്പററി നാം സ്മരിക്കുകയേ വേണ്ടതില്ലല്ലോ. അതുകൊണ്ട്, നമുക്ക് ചില സാധാരണ കാര്യങ്ങളെപ്പററി ആലോചിക്കുക.

കാലിക്കററ് യൂണിവേഴ്സിററിയുടെ 1982 ഏപ്രിൽ — മെയ് പരീക്ഷകൾ ആരംഭിച്ചത് താഴെ പറയും വിധത്തിലാണ്:

പ്രീഡിഗ്രി (രണ്ടാം കൊല്ലം):
ഏപ്രിൽ 15 മുതൽ
ഡിഗ്രി (ഫൈനൽ) : ഏപ്രിൽ 27 മുതൽ
ബിരുദാനന്തരം (ഫൈനൽ):
മെയ് 10 മുതൽ

ഈ പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

പ്രീഡിഗ്രി (ഫൈനൽ): ജൂലായ് 26
ബി. എസ്സ്. സി. (ഫൈനൽ):
ആഗസ്ററ് 26
ബി.എ (ഫൈനൽ): സെപ്ററംബർ 20
ബി. കോം. (ഫൈനൽ); ഒക്ടോബർ 8

ബിരുദാനന്തര പരീക്ഷകളുടെഫലങ്ങൾ ഇനിയും വരാനുണ്ട്. ബിരുദാനന്തരക്കാര്യം അദ്യംപറായാം. രണ്ടോമൂന്നോ ഡസൻ വിദ്യാർത്ഥികൾ മാത്രം എഴുതുന്ന പരീക്ഷകൾ അക്കൂട്ടത്തിലുണ്ട്. നൂറും ഇരുനൂറും മുന്നൂറും പേരാണ് വേറെചില പരീക്ഷകൾക്ക് എഴുതുന്നത്. പരീക്ഷകർമാരെ കിട്ടാൻ ഒരു ബുദ്ധിമുട്ടമില്ല. ആവക പരീക്ഷകളുടെ ഫലം പ്രഖ്യാപിക്കാൻ യൂ

(ശേഷം 22-ാംപേജിൽ)

---

കാത്തിരുന്നാൽ മതിയോ? ഇത് എത്ര നാൾ?

സി. ജെ. പോൾ

എറണാകുളം, ഒക്ടോ : 5

## കരിനിയമം

പരീക്ഷാജോലി സംബന്ധിച്ച് യൂണിവേഴ്സിററി കൽപന അനുസരിക്കാത്ത അധ്യാപകരുടെ രണ്ടു മാസത്തെ ശമ്പളം പിടിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്ന യൂണിവേഴ്സിററി നിയമ വ്യവസ്ഥ റദ്ദ് ചെയ്യാൻ ഗവൺമെൻറ് നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അതു സംബന്ധിച്ച് ഒരു വാഗ്ദാനമുണ്ടായിരുന്നു. മററു കാര്യങ്ങൾക്ക് സാമ്പത്തികമെന്ന ഒരു തടസ്സമുണ്ട്. ഇതിൽ അതില്ലല്ലോ. ഇവിടെ പരീക്ഷ നടക്കുന്നതൊന്നും ആ നിയമംകൊണ്ടല്ലതാനും. പിന്നെ, ഒരുങ്ങിപ്പുറപ്പെട്ടാൽ, രണ്ടു മാസത്തെ ശമ്പളമല്ല, ഇരുണ്ട കാരാഗാരം കൊണ്ടുപോലും അധ്യാപകരെ തടഞ്ഞു നിർത്താനുമാവില്ല. എന്ന നിലയ്ക്ക്, ഒരു ദുശ്ശകുനം പോലുള്ള ഈ നിയമമെന്തിന്? ബഹു: വിദ്യാഭ്യാസ മന്ത്രി ററി. എം. ജേക്കബ് ഈ കരിനിയമം പിൻവലിച്ച് അദ്ദേഹത്തിൽ അധ്യാപകർ അർപ്പിച്ചിട്ടുള്ള വിശ്വാസത്തെ അർത്ഥവത്താക്കേണ്ടതുണ്ട്. അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കെ. സുകുമാരൻ നായർ

കോട്ടയം. സെപ്ത: 30

# ശക്തമായ സമരം ആരംഭിയ്ക്കും

## പ്രവർത്തകസമിതി

കഴിഞ്ഞ പണിമുടക്കു സമരത്തെ തുടർന്ന് ഗവൺമെൻറുമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിക്കപ്പെടുമെന്ന് പുതിയ വിദ്യാഭ്യാസമന്ത്രി ആവർത്തിച്ചുറപ്പു നല്കിയെങ്കിലും നാളിതുവരെയായതൊന്നും ഉണ്ടായിട്ടില്ല. പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കോൺഫറൻസുകളിലൂടെയും പ്രസ്താവനകളിലൂടെയും പ്രസംഗങ്ങളിലൂടെയും വിദ്യാഭ്യാസമന്ത്രി കോളേജധ്യാപകരിൽ തട്ടിയുണർത്തിയ പ്രത്യാശയും പ്രതീക്ഷയും ഇന്ന് പൂർണ്ണമായും അസ്തമിച്ചിരിക്കുകയാണ്. ഇനി സുശക്തവും നിരന്തരവുമായ പ്രക്ഷോഭണസമരപരിപാടികൾ കൈക്കൊള്ളുകയേ അസോസിയേഷന് ഗത്യന്തരമുള്ളൂ. സത്യഗ്രഹം, പിക്കററിംഗ്, പണിമുടക്കം എന്നിവ ഉൾപ്പെടെയുള്ള സമരപരിപാടിയ്ക്ക് പ്രവർത്തക സമിതി രൂപം നല്കി. ഒക്ടോബർ 31 ന് കൂടുന്ന സംഘടനയുടെ സംസ്ഥാന കൗൺസിൽ ഈ സമരപരിപാടികൾക്ക് അന്തിമരൂപം നല്കുന്നതാണ്.

ഒക്ടോബർ 10 ന്, സംഘടനാപ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻെറ അധ്യക്ഷതയിൽ എറണാകുളത്തു കൂടിയ പ്രവർത്തകസമിതിയാണ് ഈ തീരുമാനമെടുത്തത്.

### സമരപരിപാടികൾക്ക് അനുവാദം

മലബാർ ക്രിസ്ത്യൻ കോളേജിലെ പ്രൊഫ; ലാൻസ്ലററ് തോമസിൻെറ ഡിസ്മിസ്സൽ പ്രശ്നത്തിൽ കൂടുതൽ സമര പരിപാടികൾ ഏറെറടുക്കാൻ കോഴിക്കോട്ടെ സംയുക്ത സമരസമതിയ്ക്ക് പ്രവർത്തക സമിതി അനുമതി നൽകി.

### കക്ഷി ചേരും

തുരുത്തിക്കാട് ബി എ. എം കോളേജിലെ പിരിച്ചു വിടപ്പെട്ട അധ്യാപകനായ കെ. പി. മാത്യുവിൻെറ കേസ്സിൽ ഹൈക്കോടതിയിൽ അസ്സോസിയേഷൻ കക്ഷി ചേരുന്നതാണ്.

### ചർച്ചചെയ്യണം

എസ്. എൻ. കോളേജ് അധ്യാപകരുടെ പ്രശ്നങ്ങൾ എത്രയും പെട്ടെന്നു തന്നെ പരിഹരിയ്ക്കണമെന്ന് പ്രവർത്തക സമിതിപുതിയ എസ്. എൻ. ട്രസ്ററ് ഭരണസമിതിയോട് അഭ്യർത്ഥിച്ചു. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുക, അർഹിക്കുന്ന പ്രമോഷനുകൾ നൽകുക തുടങ്ങിയ പല കാര്യങ്ങളും ഉടൻ തന്നെ നടത്തേണ്ടതുണ്ട്. ഇതു സമ്പന്ധിച്ച് എ കെ പി. സി. ടി, എ. പ്രതിനിധികളുമായി ഒരു സംയുക്ത ചർച്ചയ്ക്ക് എത്രയുംവേഗം സന്ദർഭമുണ്ടാക്കണമെന്ന് പ്രവർത്തകസമിതി ആവശ്യപ്പെട്ടു.

### പ്രതിഷേധം

കേരളത്തിൽ ദേശ രക്ഷാ നിയമം നടപ്പക്കവാൻ ഗവൺമെൻെറ് തീരുമാനമെടുത്തതിൽ പ്രവർത്തകസമിതി പ്രതിഷേധിച്ചു, ബഹുജന സംഘടനകളുടെ ജനാധിപത്യപരമായ സംഘടനാ പ്രവർ

(ശേഷം 18-ാം പേജിൽ)

## പ്രൊഫ. ലാൻസ്ലററ് തോമസിനെ തിരിച്ചെടുക്കുക

# കോളേജിനു മുമ്പിൽധർണ്ണ



ധർണ്ണ പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ ഉത്ഘാടനം ചെയ്യുന്നു

മലബാർ കൃസ്ത്യൻ കോളേജിൽനിന്നും അന്യായമായി പിരിച്ചുവിടപ്പെട്ട പ്രൊഫ. ലാൻസ്ലററ് തോമസിനെ ഉടൻ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒക്ടോബർ 7–ാം തീയതി അദ്ധ്യാപകർ എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ കോളേജിനുമുമ്പിൽ കൂട്ടധർണ്ണ നടത്തി. സംഘടനാപ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ ധർണ്ണ ഉത്ഘാടനം ചെയ്തു. പ്രൊഫ. ആർ. ആർ. സി. നായർ, പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. എൻ. എം. ജോസഫ് എന്നിവരും പ്രസംഗിച്ചു.

വിവിധസംഘടനകൾ ധർണ്ണയ്ക്ക് അഭിവാദ്യമർപ്പിച്ചു. മുത്തോറൻ (കെ. ജി. ടി. എ.). കുട്ടികൃഷ്ണൻ (കെ. എസ്. ആർ. ടി. ഇ.), ഭാസ്കരൻ (എൽ. ഐ. സി.), വിജയൻ (എൻ. ജി. ഒ. യൂണിയൻ) വീരാൻകുട്ടി (യൂത്ത് കോൺഗ്രസ് (ഐ) ജില്ലാ പ്രസിഡൻറ്) എൻ. ചന്ദ്രശേഖരക്കുറുപ്പ് എം. എൽ. എ. എന്നിവരും ധർണ്ണയെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

ജില്ലാ സെക്രട്ടറി പി. വി. ചന്ദ്രമോഹനൻ, കെ. കെ. ദേവദാസ്, പി. മുഹമ്മദു കോയ എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നല്കി (മുഖച്ചിത്രവും 16–ാം പേജും കാണുക)

# കൺവൻഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

1983 ഫെബ്രുവരി 4,5,6 തീയതികളിൽ കൊല്ലത്തു നടക്കുന്ന എ.കെ.പി.സി.ടി.എ. പന്ത്രണ്ടാമത് ത്രൈവാർഷിക കൺവൻഷൻ വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രൊഫ. കെ. വേലായുധൻ നായർ, ഡോ: എം. ശ്രീനിവാസൻ, പ്രൊഫ. എസ്. ശിവപ്രസാദ്, റവ: ഡോ: എ. ജെ. റൊസാരിയോ, ഡോ: പി. വിജയരാഘവൻ, ജനാബ് എസ്. എം. സെയിൻലാബ്ദിൻ, പ്രൊഫ. എൻ. സതി, പ്രൊഫ. എം. ആർ. ടി. നായർ, പ്രൊഫ. രാജൻതമ്പാൻ എന്നിവർ രക്ഷാധികാരികളും കൊല്ലം മുനിസിപ്പൽ ചെയർമാൻ ശ്രീ കെ. തങ്കപ്പൻ ചെയർമാനും പ്രൊഫ. ഗോപാലകൃഷ്ണൻവൈസ് ചെയർമാനുമായുള്ള സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. പ്രൊഫ. എ ആൻറണിയാണ് സ്വാഗതസംഘം പ്രസിഡൻറ്.

കൺവീനറൻമാർ പ്രൊഫ. എൻ. എം. ജോസഫും, ഡോ: കെ. സുന്ദരേശനുമാണ്. കൺവൻഷൻെറ വിജയകരമായ നടത്തിപ്പിനായിവിവിധ കമ്മിററികളും പ്രവർത്തിക്കുന്നു.

## കുറിപ്പുകൾ

# കൊക്കിലൊതുങ്ങാത്തത് കൊത്താമോ?

യൂണിവേഴ്സിററി സെനററിലും സിൻഡിക്കേററിലും അക്കാഡമിക് കൗൺസിലിലും 40 ശതമാനം പ്രാതിനിധ്യം യൂണിവേഴ്സിററി അധ്യാപകർക്ക് ലഭിക്കേണ്ടതാണെന്ന് കേരളത്തിലെ യൂണിവേഴ്സിററി അധ്യാപകസംഘടനകളുടെ ഫെഡറേഷൻ ആവശ്യപ്പെട്ടിരിക്കുന്നതായും അതു ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നതായും ഒരു റിപ്പോർട്ടിൽ കാണുന്നു. യൂണിവേഴ്സിററി ഭരണകാര്യങ്ങൾ എങ്ങനെയൊക്കെ പരിഷ്ക്കരിക്കാമെന്നതിനെപ്പററി പഠിച്ചു റിപ്പോർട്ടുചെയ്യാനായി ഗവൺമെൻറ് ഒരു കമ്മിററിയെ നിയമിച്ചിട്ടു കുറെക്കാലമായി. പ്രസ്തുതസമിതിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ യൂണിവേഴ്സിററി ആക്ടിൽ ചില മാററങ്ങൾ വരുത്താൻ ഗവൺമെൻറ് മുതിർന്നേക്കാവുന്നതാണ്. ഈ അടുത്തകാലത്തായി യൂണിവേഴ്സിററികളെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള അനവധി ആക്ഷേപങ്ങളെ മുൻനിർത്തി ഗവൺമെൻറ് യൂണിവേഴ്സിററി ഭരണത്തിൽ കൂടുതൽ വലിയ പങ്ക് ആവശ്യപ്പെടുമെന്നു തന്നെ കരുതണം. യൂണിവേഴ്സിററി ഭരണനടത്തിപ്പിലെ ജനാധിപത്യാംശത്തിന് ഹാനിയുണ്ടാകുമെന്ന് ഭയപ്പെടേണ്ട ഒരുസ്ഥിതിയാണുള്ളത്. യൂണിവേഴ്സിററിയിലെ നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിടുവാനുള്ള ഒരു നിർദ്ദേശവും നിലവിലുണ്ട്. അതിനിടയ്ക്കാണ് യൂണിവേഴ്സിററി അധ്യാപകർക്ക് ഭരണ സമിതികളിൽ 40 ശതമാനത്തിൻെറ പ്രാതിനിധ്യം വേണമെന്ന വാദം ഉയർന്നിട്ടുള്ളത്.

പഠനവും ഗവേഷണവും മാത്രമുള്ള ഒരു യൂണിവേഴ്സിററിയിൽ ഭരണസമിതികളിൽ യൂണിവേഴ്സിററി വകുപ്പുകളിലെ അദ്ധ്യാപകർക്ക് എത്രയധികം പ്രാതിനിധ്യം കൊടുക്കുന്നതിനും ഞങ്ങൾ എതിരല്ല. അങ്ങനെ ചെയ്യുന്നതിന് ന്യായീകരണവുമുണ്ട്. എന്നാൽ, മുഖ്യജോലി കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കലും അദ്ധ്യാപകർക്ക് അപ്രൂവൽ നൽകലും കോളേജുകളിലെ പാഠ്യപദ്ധതി നിർണ്ണയിക്കലും, സർവോപരി, പരീക്ഷ നടത്തലുമായിട്ടുള്ള കേരള-കാലിക്കററ് സർവകലാശാലകളുടെ ഭരണസമിതികളിൽ യൂണിവേഴ്സിററി അദ്ധ്യാപകർക്ക് 40 ശതമാനം പ്രാതിനിധ്യം കൊടുക്കുക എന്നുവച്ചാൽ കഥയെന്താവും? അത്രയും സ്ഥാനങ്ങൾ അലങ്കരിക്കാനുള്ള ആളെണ്ണം യൂണിവേഴ്സിററി അധ്യാപകർക്കുണ്ടോ? നമ്മുടെ ഉപരി വിദ്യാഭ്യാസ മണ്ഡലത്തിൽ യൂണിവേഴ്സിററിയിലെ പഠന–ഗവേഷണപ്രവർത്തനം എത്രയോ തുഛമായ ഒരംശമാകുന്നു. വിദ്യാർത്ഥികളുടെ എണ്ണം പരിമിതം. യൂണിവേഴ്സിററി പഠന – ഗവേഷണവകുപ്പുകളുടെ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം നോക്കിനടത്താൻ സൗകര്യം ലഭിക്കുകയാണ് വേണ്ടതെങ്കിൽ, ഗൗരവപൂർവ്വം പ്രവർത്തിക്കുന്ന ഒരു റിസർച്ച് കൗൺസിൽ രൂപീകരിക്കുകയാണ് വേണ്ടത്

വാസ്തവത്തിൽ, ഇന്നത്തെ കേരള കാലിക്കററ് യൂണിവേഴ്സിററി അധ്യാപകർക്ക് ഇന്നുള്ളതിൽ കവിഞ്ഞ പങ്കാളിത്തം അനുവദിക്കാൻ ന്യായമില്ല. എന്തുകൊണ്ടെന്നാൽ, ഈ രണ്ടു യൂണിവേഴ്സിററികളുടെ മുഖ്യമായ പ്രവർത്തന മണ്ഡലം അഫിലിയേററഡ് കോളേജുകളുമായിബന്ധപ്പെട്ടുള്ളതാണ്. ഏതെങ്കിലും ഒരു അഫിലിയേററഡ് കോളേജിലെ മൊത്തം വിദ്യാഭ്യാസ പ്രവർത്തനത്തോളമില്ല യൂണിവേഴ്സിററിയിലെ ആകെ പഠന ഗവേഷണ വകുപ്പുകളുടെ പ്രവർത്തനം.

യൂണിവേഴ്സിററികളിലെ പഠന–ഗവേഷണ വകുപ്പുകളെ ഇന്നുള്ള അഫിലിയേററിംഗ് യൂണിവേഴ്സിററികളിൽ നിന്ന് വേർപെടുത്തി ഒരു പ്രത്യേക യൂണിവേഴ്സിററിക്കുകീഴിൽ കൊണ്ടുവരാൻ യൂണിവേഴ്സിററി അധ്യാപക സംഘടനകളുടെ ഫെഡറേഷൻ പരിശ്രമിക്കുന്നത് നന്നായിരിക്കും. അങ്ങനെ രൂപം കൊള്ളുന്ന ഒരു യൂണിവേഴ്

സിററിയിൽ ഭരണ സമിതികളിലെ സ്ഥാന ങ്ങാം മുഴുവൻ അവർ ആവശ്യപ്പെട്ടാൽ ഞങ്ങാം അവരെ അഭിനന്ദിക്കുകയും ചെയ്യും. ഇപ്പോഴത്തെ നിലയിൽ, കൊക്കിലൊതുങ്ങാത്തതു കൊത്താനുള്ള ഒരു സാഹസമായിട്ടേ ഫെഡറേഷൻെറ വാദത്തെ കാണാൻ ഞങ്ങാംക്ക് കഴിയുന്നുള്ളു. □

## പുതിയ അഫിലിയേഷനുകൾ

ജൂണിൽ കോളേജുകാം തുറന്നു ഇപ്പോാം ഒക്ടോബർ പകുതിയോളമായി. ഇനിയും ഇക്കൊല്ലത്തെ പുതിയ കോളേജുകളെ സംബന്ധിച്ചും പുതിയ കോഴ്സുകളുടെ അഫിലിയേഷൻ സംബന്ധിച്ചും തീരുമാനമായില്ല. ഒക്ടോബർ 31— ാംനു- മുമ്പാണ് അടുത്ത കൊല്ലത്തെ അഫിലിയേഷനുകാംക്കു വേണ്ടി അപേക്ഷകാം യൂണിവേഴ്സിററിയ്ക്കയക്കേണ്ടത് അതുകഴിഞ്ഞ് 7 മാസം കഴിയുമ്പോഴാണ്, ജൂൺ 1—ന് പുതിയ അക്കാദമിക വർഷം ആരംഭിക്കുന്നത്. 7 മാസം പോരേ അപേക്ഷകാം പരിശോധിച്ചു തീരുമാനമെടുക്കാൻ ? കോളേജുകാം തുറന്നിട്ട് ഇപ്പോാം 4 മാസം കഴിഞ്ഞു അതായത്, പുതിയ അഫിലിയേഷനുള്ള അപേക്ഷകാംയൂണിവേസിററിക്കുകിട്ടിയിട്ട് ആണ്ടുതികയുകയായെന്നർത്ഥം. അടുത്ത കൊല്ലത്തേക്കുള്ള അപേക്ഷകാം യൂണിവേഴ്സിററിയിൽ വന്നു വീഴുന്ന സമയമാണിത്. ഒക്ടോബർ 31ന് മുമ്പ് അപേക്ഷകാം സമർപ്പിക്കണം. മുമ്പത്തെ അപേക്ഷകളിൻമേൽ തീരുമാനമുണ്ടായിക്കഴിയാത്ത നിലയ്ക്ക്, അപേക്ഷ അയയ്ക്കുന്നവർ മുമ്പത്തെ ആവശ്യങ്ങാം ആവർത്തിക്കണോ, പുതിയ കാര്യങ്ങാം ഉന്നയിക്കണോ ? ആർക്കറിയാം ? നമ്മുടെ ഒക്ടോബർ പരീക്ഷയെഴുതുന്ന പരീക്ഷ്യരും പുതിയ അഫിലിയേഷൻ ആവശ്യപ്പെടുന്ന കോളേജുകാരും ഇപ്പോാം ഒരേ സ്ഥിതിയിലാണുള്ളത്. എഴുതിയതിൻെറ ഫലമറിഞ്ഞിട്ട് പുതിയ തീരുമാനമെടുക്കാൻ ഇരു കൂട്ടർക്കും അവസരം കിട്ടുന്നില്ല. അഥവാ, കിട്ടുന്നെങ്കിൽ തന്നെ അരനിമിഷത്തെ സമയമേകിട്ടൂ. എല്ലാം ധൃതിയിൽ തീരുമാനിക്കണം. ചോദിച്ചു പോവുകയാണ്, ഈ അഫിലിയേഷൻ കാര്യം ഇത്രയൊക്കെ വിളംബിക്കണമോ? നിശ്ചിത തീയതിക്കമുമ്പ് അപേക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തവർക്ക്, നിശ്ചിത തീയതിക്കു അപേക്ഷയിൻമേൽ തീരുമാനമെടുക്കാനും ചുമതലയില്ലേ ? ഗവർമ്മണ്ടിന് തീരുമാനമെടുക്കാൻ വയ്യ ഞ്ഞിട്ടാണെങ്കിൽ, തീരുമാനം അടുത്തകൊല്ലമാകാമെന്ന് നിശ്ചയിക്കുക. പുതിയ കോളേജും കോഴ്സുമിരിക്കട്ടെ, നിലവിലുള്ള കോഴ്സുകാംക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ പോലും തീരുമാനമായില്ലല്ലോ. അത് യൂണിവേഴ്സിററിക്ക് സ്വന്തമായെടുക്കാവുന്ന തീരുമാനമാണ്. പുതിയ അഫിലിയേഷൻെറ കാര്യത്തിൽ ഗവർമ്മേണ്ട് തീരുമാനമുണ്ടായാലും ദുർഗ്ഘടം തീരുന്നില്ല. വീണ്ടും യൂണിവേഴ്സിററി തീരുമാനമെടുത്ത്കക്ഷികളെ അറിയിക്കണം, ചില സംഗതികളിൽ വീണ്ടും യൂണിവേഴ്സിററി കമ്മീഷനുകാം ചെന്നുകണ്ടു മടങ്ങണം. ഇതൊക്കെകഴിയുമ്പോഴേക്കും കൊല്ലം അവസാനിക്കമല്ലോ. മാർച്ചിൽതീരുന്ന വിദ്യാഭ്യാസവർഷത്തിൽ കുട്ടികാംക്ക് പ്രവേശനംകിട്ടുന്നത് നവംബറിലുംഡിസമ്പറിലുംആകുന്നതുകൊള്ളാം. എല്ലാംതീരുമാനമായി കുട്ടികളെപ്രവേശിപ്പിച്ച് പിന്നെ പരസ്യം കൊടുത്ത് അപേക്ഷ ക്ഷണിച്ച് കിട്ടി കമ്മിററി കൂടി ഇൻറർവ്യൂനടത്തി അധ്യാപകരെ നിയമിക്കുമ്പോഴേക്കും വിദ്യാലയ വർഷം തീരുകയില്ലേ? പിന്നെ എന്തു പഠിപ്പ്! എന്തു പരീക്ഷ! അഥവാ, ആരിതൊക്കെ ആലോചിക്കുന്നു. ആലോചിച്ചിട്ട് എന്തിന് അല്ലേ? ആലോചിക്കുന്നതല്ലേ തെററ്?

നമുക്ക് യൂണിവേഴ്സിററികളുടെയും ഗവൺമെൻറിൻെറയും ആലസ്യവായ്പിന് നന്ദിപറയുക. □

---


## സംഘടനയ്ക്ക് വിജയം

വാഴൂർ എസ്. വി. ആർ. എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്ക് അദ്ധ്യാപക പ്രതിനിധികളായി എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികാം ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പി. ആർ. ഗോപിനാഥൻ നായർ, ശ്രീ. വി. പി. നാരായണൻ നായർ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. □

# "സാക്ക് സാക്ക് പ്രൈവററ് മാനേജ്മെൻറ്"

പ്രൊ. ആർ. രവീന്ദ്രൻനായർ

കഴിഞ്ഞഏപ്രിൽ 19,20 തീയതികളിൽ ഐഫക്ടോയുടെ ആഭിമുഖ്യത്തിൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രി കാര്യാലയത്തിനു മുമ്പിൽ കോളേജ് അദ്ധ്യാപകരുടെ ധർണ്ണയും, പാർലമെൻററ് മന്ദിരത്തിനു മുമ്പിൽ വമ്പച്ച പ്രകടനവും നടക്കുകയുണ്ടായി. ഏപ്രിൽ 17, 18 തീയതികളിൽ ഡൽഹിയൂണിവേഴ്സ്ററി ടീച്ചേഴ്സ് അസോസിയേഷനാധിപത്യവൽക്കരണം എന്നിവകളെപ്പററി വിശദമായ ചർച്ചകൾക്കും അഭിപ്രായരൂപീകരണത്തിനുമായി കേന്ദ്ര–സംസ്ഥാനയൂണിവേഴ്സിററി കോളേജ് അദ്ധ്യാപകസംഘടനകളുടെ ഒരു ദേശീയ കൺവെൻഷൻ സംഘടിപ്പിച്ചിരുന്നു. കൺവെൻഷൻ, ധർണ്ണ, പ്രകടനം എന്നിവകളിൽ എ. കെ. പി. സി. ററി. എ പ്രതിനിധികളായി പ്രൊഫ: തോ



പ്രൊഫ. തോളൂർ ശശിധരൻ, പ്രൊഫ. മൃൺമോയ് ഭട്ടാചാര്യ (ഐഫക്ടോജനറൽ സെക്രട്ടറി) പ്രൊഫ. ആർ. രവീന്ദ്രൻനായർ, പ്രൊഫ. ടി. കെ. ജി. നായർ

(ഡ്യൂട്ട) ഉന്നത വിദ്യാഭ്യാസരംഗത്തെ മുഖ്യമായ പ്രശ്നങ്ങൾ, സർക്കാരിൻെറ വിദ്യാഭ്യാസ നയം, കോളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളിലെ അപാകതകൾ– അപര്യാപ്തതകൾ, യൂണിവേഴ്സിററി – കോളേജ് ഭരണ – പാഠ്യപദ്ധതിയുടെ ജ

ളൂർ ശശിധരൻ പ്രൊഫ: ടി. കെ. ഗോപാലകൃഷ്ണൻ നായർ, പ്രൊഫ: ആർ രവീന്ദ്രൻ നായർ എന്നിവർ പങ്കെടുക്കുകയുണ്ടായി. കൺവെൻഷൻ, ധർണ്ണ പ്രകടനം ഇവയുടെ ഒരു സാമാന്യ വിവരണമാണ് ഈ ലേഖനത്തിൽ

## ദേശീയകൺവെൻഷൻ

1982 ഏപ്രിൽ 17, 11 മണി. ഡൽഹി യൂണിവേഴ്സിററി കാമ്പസ്സിലെ ശങ്കർലാൽ കൺസർട്ട് ഹാഠം. കേരളം മുതൽ ജമ്മുകാശ്മീർ വരെയുള്ള ഇന്ത്യൻ സർവകലാശാല-കോളേജ് അദ്ധ്യാപക സംഘടനകളുടെ ക്ഷണിക്കപ്പെട്ട പ്രതിനിധികളാണ് ഹാളിൽ. ഐഫക്ടോ പ്രസിഡൻറ് പ്രൊഫ: എം. ജെ മാണിക്യറാവു, ജനറൽ സെക്രട്ടറി പ്രൊഫ: പൂർണ്ണമായ് ഭട്ടാചാര്യ തുടങ്ങി ഐഫക്ടോയുടേയും ഡ്യൂട്ടായുടേയും ഭാരവാഹികളം വേദിയിൽ ഡ്യൂട്ടാ പ്രസിഡൻറ് പ്രൊഫസ്സർ അരുൺബോസ്സ്, വിവിധസംസ്ഥാനങ്ങളിൽ നിന്നെത്തിയ കോളേജ് അദ്ധ്യാപക സംഘടനാ പ്രതിനിധികളേയും ഐഫക്ടോ ഭാരവാഹികളേയും ഹൃദ്യമായി സ്വാഗതം ചെയ്തു. തുടർന്ന് ഉദ്ഘാടനയോഗം-പരസ്പരം പരിചയപ്പെടൽ— തെക്കുവടക്കു ഭേദമില്ലാത്ത പന്തിഭോജനം.

ഉച്ചകഴിഞ്ഞ് 3.30 നു ചേർന്ന സമ്മേളനത്തിൽ പ്രൊഫസ്സർ അരുൺബോസ്സ്, "വിദ്യാഭ്യാസനയവും— വ്യയവും" എന്ന തൻെറ ശ്രദ്ധേയമായ പ്രബന്ധത്തിൽ ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേൻമയെ ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ വേണ്ടത്ര ശ്രദ്ധകാട്ടുന്നില്ലെന്ന് കുററപ്പെടുത്തി. ദേശീയവരുമാനത്തിൻെറ 0.3% ഉം പദ്ധതികളുടെ അടങ്കൽതുകയുടെ 2.6% ഉം മാത്രമാണ് വിദ്യാഭ്യാസച്ചെലവുകൾക്കായി സർക്കാർ നീക്കിവച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചു. കേന്ദ്രബഡ്ജററിൻെറ 10% തുക വിദ്യാഭ്യാസകാര്യങ്ങൾക്കായി ചിലവിടാമെന്ന് സമ്മതിച്ചിട്ടുള്ള കേന്ദ്രസർക്കാർ കേവലം 3% മാത്രമേ ചിലവിടുന്നുള്ളവെന്ന് അദ്ദേഹം രേഖകളുദ്ധരിച്ചുകൊണ്ട് വ്യക്തമാക്കി. ഉന്നത വിദ്യാഭ്യാസ നിലവാരത്തെപ്പററി മൊത്തത്തിൽ വിമർശനം നടത്തുന്നവർ ഇക്കാര്യങ്ങളെപ്പററി യാതൊരു ധാരണയുമില്ലാത്തവരാണ്. വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേൻമയ്ക്ക് അതിനു ചിലവിടുന്ന തുക അപ്രധാനമല്ലാത്ത ഒരു ഘടകമാണന്ന് അദ്ദേഹം സമർത്ഥിക്കുകയുണ്ടായി.

ഏപ്രിൽ 18 രാവിലത്തെ സെഷനിൽ കോളേജ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിലെ അപര്യാപ്തകളും, അപാകതകളും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പ്രബന്ധങ്ങളും ചർച്ചകളുമാണ് നടന്നത്. 1973നു ശേഷം ഇന്ത്യയിലുണ്ടായ നാണയപ്പെരുപ്പവും നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവും കണക്കിലെടുത്ത് കോളേജ് അദ്ധ്യാപകരുടെ ശമ്പളസ്കെയിലുകൾ അടിയന്തിരമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിൻെറ ഔദ്യോഗിക രേഖകളും കണക്കുകളും ഉദ്ധരിച്ചുകൊണ്ട് ഡൽഹി യൂണിവേഴ്സിററിയിലെ ബിസിനസ്സ് ഇക്കണോമിക്സിൻെറ പ്രൊഫസ്സർ ദിലീപ് എസ് സ്വാമി സമർത്ഥിച്ചു. അദ്ദേഹം തുടർന്നു —1973നു ശേഷം (1973 ലാണ് U.G.C പുതിയ ശമ്പളനിരക്കുകൾ പ്രഖ്യാപിച്ചത്) നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് സ്ഥിരവരുമാനക്കാരെ പൊതുവേയും അദ്ധ്യാപകരെ പ്രത്യേകിച്ചും പ്രതികൂലമായി ബാധിക്കുകയുണ്ടായി 1973 നു ശേഷം 8.93% വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വിലക്കയററത്തിനു ആനുപാതികമായി കോളേജ് അദ്ധ്യാപകരുടെ ശമ്പളത്തിനു വർദ്ധനവുണ്ടായിട്ടില്ല. 1973ൽ ഒരു യൂണിവേഴ്സിററി അദ്ധ്യാപകന് ശമ്പളവും അലവൻസും ഉൾപ്പടെ പ്രതിമാസം 910/- രൂപയാണ് കിട്ടിയിരുന്നത്. വിലവർദ്ധനവിന് ആനുപാതികമായി ശമ്പളവും അലവൻസും വർദ്ധിപ്പിച്ചിരുന്നെങ്കിൽ 1982ൽ ശമ്പളവും അലവൻസുമുൾപ്പടെ 1965/- രൂപ പ്രതിമാസം ലഭിക്കണമായിരുന്നു. പക്ഷേ 1982ൽ കിട്ടുന്നത് 1460/- രൂപയാണ് അതായത് ന്യായമായി അദ്ധ്യാപകന് അവകാശപ്പെട്ട തുകയിൽ നിന്നും 505/- രൂപ കുറവ്. 1973ൽ ഒരു ലക്ചററുടെ ശമ്പള സ്കെയിൽ അലവൻസുൾപ്പടെ 910—1966 ആണ്. വിലവർദ്ധനവിൻെറ അനുപാതത്തിൽ 1982 ൽ അലവൻസുൾപ്പടെ 2000—4500 എന്ന ശമ്പള സ്കെയിലിന് അവകാശിയാണന്ന് അദ്ദേഹം സമർത്ഥിച്ചു. (ഇതുപോലെ റീഡർ,—3250-5500, പ്രൊഫസ്സർ — 4250—6500 ഈ സ്കെയിലുകൾക്ക് അവകാശികളാണ്.)

(ശേഷം അടുത്ത ലക്കത്തിൽ)

# മാനേജുമെൻറുകളെ നിയന്ത്രിക്കണം

**കോർപ്പറേററ് മാനേജുമെൻറുകളിലെ 4000ത്തിൽ പ്പരം അധ്യാപകരെ ബാധിക്കുന്ന ഗുരുതരമായപ്രശ്നമാണ് സ്ഥലംമാററം. യാതൊരു വ്യവസ്ഥയും ഇക്കാര്യത്തിൽ നിലവിലില്ല. ഇതിങ്ങനെ അവ്യവസ്ഥിതമായി തുടരാൻ പററില്ലെന്നും വ്യക്തമായ മാനദണ്ഡം ഉടൻ തന്നെ ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രക്ഷോഭണത്തിലാണ് എ കെ പി സി ടി എ**

**ഇക്കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് സംഘടന തയ്യാറാക്കിയ ലഘുലേഖയുടെ രണ്ടാംഭാഗമാണിവടെ കൊടുക്കുന്നത്.**

**—പത്രാധിപർ**

## സംഘടനാ പ്രവർത്തകർക്കെതിരായ നടപടികൾ

പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ അവകാശങ്ങൾക്ക് വേണ്ടി എക്കാലവും പൊരുതിയിട്ടുള്ള സംഘടനയാണ് എ. കെ. പി. സി. ററി. എ — എ. കെ. പി. സി. ററി. എ പ്രവർത്തകരായ വളരെയധികം അദ്ധ്യാപകർ എൻ. എസ്. എസ്. - എസ്. എൻ. കോളേജുകളിലുണ്ട്. സ്വാഭാവികമായും അവർ മാനേജുമെൻറുകളുടെ കൊള്ളരുതായ്മകളെ ചെറുക്കുന്നു. അങ്ങനെയുള്ള അദ്ധ്യാപകരെ നിരന്തരം സ്ഥലം മാററി വിഷമിപ്പിച്ച് അവരുടെ മനോവീര്യം കെടുത്തുക എന്നതാണ് മാനേജ്മെൻറുകളുടെ തന്ത്രം. എ. കെ. പി. സി. ററി. എ.— ബ്രാഞ്ച് സെക്രട്ടറിമാർ, സ്റ്റേററ് കൗൺസിൽ. കമ്മററി അംഗങ്ങൾ, ജില്ലാ— സംസ്ഥാനഭാരവാഹികൾ എന്നിവരെ കൂട്ടത്തോടെ സ്ഥലം മാററുന്നു. സംഘടനയുടെ പ്രധാന പ്രവർത്തകരെയെല്ലാംകൂടി ഒരേ കോളേജിലേക്ക് മാററുന്നു. (ഉദാഹരണത്തിന്, എ. കെ. പി. സി. ററി. എ-യുടെ സംസ്ഥാന നേതാക്കളിൽ വലിയ ഒരു വിഭാഗം ഇന്ന് മട്ടന്നൂർ കോളേജിലാണുള്ളത്.) എന്നാൽ മാനേജ്മെൻറുകൾ, തങ്ങൾക്ക് 'വേണ്ടപ്പെട്ടവരെയും' തങ്ങളുടെ പാദ പൂജകരെയും ഇവർ ചോദിക്കുന്ന കോളേജുകളിൽത്തന്നെ നിയമിക്കുന്നു. അവർക്ക് സർവ്വീസിൽ നിന്ന് പിരിയുംവരെയും ട്രാൻസ്ഫറെന്നതില്ല. ഇങ്ങനെ ഇരുപതും മുപ്പതും വർഷമായി ഒരേ കോളേജിൽ ജോലി ചെയ്യുന്ന (അവർക്ക് പ്രൊമോഷൻ വന്നാലും സ്ഥാന ചലനമില്ല) ഒരു ന്യൂനപക്ഷം അദ്ധ്യാപകർ കോർപ്പറേററ് മാനേജ്മെൻറുകളിലുണ്ട്. ഇവരിൽ ചിലരുടെ താൽപര്യത്തിനു വേണ്ടി യൂണിവേഴ്സിററി നിർദ്ദേശങ്ങളെപ്പോലും ഉല്ലംഘിക്കുന്നു. (ഉദാഹരണത്തിന്, കരമന വനിതാ കോളേജിൽ സ്ത്രീകളെ മാത്രമെ നിയമിക്കാറുണ്ടായിരുന്നുള്ളു. എന്നാൽ, ഈ വർഷം തങ്ങൾക്ക് വേണ്ടപ്പെട്ട ഒരദ്ധ്യാപികക്ക് ചങ്ങനാശേരി കോളേജിലേക്ക് സ്ഥലം മാററം നൽകാനായി എൻ. എസ്. എസ്. മാനേജ്മെൻറ്, പകരം, കരമനക്ക് ഒരദ്ധ്യാപകനെതന്നെ ഓടിച്ചു. ഈ സ്ഥലംമാററത്തിൻെറ തുടർച്ചയായി മറെറാരദ്ധ്യാപകനെകൂടി സ്ഥലം മാററി ശല്യപ്പെടുത്തുകയുണ്ടായി. എൻ. എസ്. എസ്. മാനേജ്മെൻറിൻെറ സ്വജനപക്ഷപാതത്തിനും നിരങ്കുശത്വത്തിനും ഇതിൽപ്പരം ഒരു തെളിവ് വേണ്ട )

## പോററുസംഘടന

അദ്ധ്യാപകരെ ഭിന്നിപ്പിച്ച് ഭരിക്കുന്നതിന് എൻ. എസ്. എസ്സ്. മാനേജ്മെൻറ് തങ്ങളോടുകൂറുളള അദ്ധ്യാപകരെ ചേർത്ത് ഒരു ''മാനേജ്മെൻറ് വിലാസം സംഘടന'' ഉണ്ടാക്കിയിരിക്കുകയാണ്. [കേരളത്തിലെ മററൊരു മാനേജ്മെൻറും ഇതിനൊരുമ്പെട്ടിട്ടില്ല. എൻ. എസ്. എസ്സ്. ആകട്ടെ ഓരോ കാലത്ത് ഓരോ ആവശ്യത്തിനായി പല ''അദ്ധ്യാപക സംഘടനകൾ'' ഉണ്ടാക്കി ഇതിനുമുമ്പും ഖ്യാതി നേടിയിട്ടുണ്ട്.] പുതുതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകുക്ക് നിയമന കൽപ്പന ലഭിക്കാൻതന്നെ ''മാനേജ്മെൻറ് വിലാസം സംഘടന'' യിൽ അംഗത്വം നിർബ്ബന്ധമാണത്രെ! തങ്ങൾ കാട്ടുന്ന അനീതികളെ ചെറുക്കുന്ന അദ്ധ്യാപകരെ കളളക്കേസ്സുകളിൽ കുടുക്കുക, അവർക്ക് ആവർത്തിച്ച് മെമ്മോകൾ നൽകി ഞെരുക്കുക എന്ന നയവും മാനേജ്മെൻറുകൾ അനുവർത്തിക്കാറുണ്ട്. ഒരു സംഘടനയുടെ സെക്രട്ടറി, തൻെറ സംഘടന പാസാക്കിയ പ്രമേയം അധികാരികൾക്ക് വേണ്ട നടപടികൾക്കായി അയച്ചാൽ അയാളുടെമേൽ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നത് എന്തു മര്യാദയാണ്? ഇന്ത്യയിൽ, ഭരണഘടനാപരമായി പൗരൻമാർക്ക് ലഭിച്ചിട്ടുള്ള മൗലികാവകാശ (സംഘടനാ സ്വാതന്ത്ര്യം) ത്തിൻെറ നിഷേധമാണിത്. [ഉദാഹരണത്തിന്, എൻ. എസ്. എസ്സ്. മാനേജ്മെൻറ്, തൃശൂർവച്ച് നടത്തിയ സമസ്തകേരള നായർ മഹാസമ്മേളനത്തിനോടനുബന്ധിച്ച് അദ്ധ്യാപകരിൽനിന്നും നിർബന്ധപ്പണപ്പിരിവ് നടത്തിയപ്പോൾ (ഇതേപ്പററി കാലിക്കററ് യൂണിവേഴ്സിററി അന്വേഷണം നടത്തിവരുന്നു.) എൻ. എസ്. എസ്സ്. കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ അതിൽ പ്രതിഷേധിച്ചു. പ്രതിഷേധ പ്രമേയം മാനേജ്മെൻറിനയച്ചുകൊടുത്തതിൽ ക്ഷുഭിതരായ എൻ. എസ്. എസ്സ്. മാനേജ്മെൻറ് കോ–ഓർഡിനേഷൻ കൗൺസിൽ സെക്രട്ടറി ഡോ. പി. എസ്. പണിക്കർക്കെതിരെ അച്ചടക്കനടപടിക്ക് ഉത്തരവിട്ടിരിക്കുകയാണ്.]

കോളേജുമായി യാതൊരു ബന്ധവുമില്ലാത്ത ചില ഏജൻസികളും വ്യക്തികളും ''മുതലാളിമാരും'' കോർപ്പറേററ് മാനേജ്മെൻറുകളിലെ അദ്ധ്യാപകരുടെസ്ഥലം മാററങ്ങളിൽ ഇടപെടുന്നതിന് ദൃഷ്ടാന്തങ്ങളുണ്ട്. രാജാവിനെക്കാൾ രാജഭക്തി കാണിക്കുന്ന ചില പ്രിൻസിപ്പാളന്മാരും മാനേജുമെൻറുകളുടെ നടപടികൾക്ക് ചൂട്ടുപിടിക്കുന്നു.

## ദുരിതങ്ങൾ

ഇമ്മാതിരി യാതൊരു തത്വദീക്ഷയുമില്ലാത്ത സ്ഥലംമാററങ്ങൾ മൂലം തങ്ങൾക്ക് അസൗകര്യപ്രദവും തങ്ങൾ ആഗ്രഹിക്കാത്തതുമായ സ്ഥലങ്ങളിൽ ദീർഘനാൾ പ്രവർത്തിച്ച് അധ്യാപകരുടെ ആരോഗ്യം ക്ഷയിക്കുന്നു. (മാരകമായ രോഗത്തിനടിപ്പെട്ടവരുണ്ട്) മനോവീര്യംകെടുന്നു. കുടുംബഭദ്രതയില്ലാതാകുന്നു. കുടുംബത്തിനോടോ സമൂഹത്തിനോടോ തങ്ങളുടെ കടമ നിറവേററാൻ കഴിയാതാകുന്നു. സാമ്പത്തികമായും തകരുന്നു.

## ശമ്പളം നിഷേധിക്കപ്പെടുന്നു

അദ്ധ്യാപകരെ ദ്രോഹിക്കുക എന്ന ഏകലക്ഷ്യത്തോടുകൂടി മാനേജ്മെൻറുകൾ സ്ഥലമാററം നടത്തുമ്പോൾ പലപ്പോഴും സ്ഥലം മാറിയെത്തുന്ന കോളേജിൽ പോസ്ററുണ്ടോഎന്ന് നോക്കാറില്ല, [ഉദാഹരണത്തിന്, 1–6–62–ൽ പ്രൊഫ. ആർ. ആർ. സി. നായരെ ഒററപ്പാലം കോളേജിലേക്ക് സ്ഥലംമാററുമ്പോൾ അവിടെ അദ്ദേഹത്തിന് പോസ്ററുണ്ടായിരുന്നില്ല. അതിന് പരിഹാരമായിട്ട് പിന്നീട്, ഇക്കണോമിക്സ് കോഴ്സ് തുടങ്ങുന്നത് പരിശോധിക്കാൻചെന്ന വി. ആർ. പിള്ള കമ്മീഷനെ കൊണ്ട് ഇക്കണോമിക്സ് ബി. എ. യ്ക്കുപകരം ബി. കോം. കോഴ്സ് തുടങ്ങുന്നതിനുവേണ്ടി എൻ. എസ് എസ്സ്. മാനേജുമെൻറ് ശുപാർശ കൊടുപ്പിച്ചു. (മാനേജ്മെൻറിൻെറ കയ്യിൽ കരുവാകാൻ യൂണിവേഴ്സിററി കമ്മീഷന് ലജ്ജയുണ്ടായില്ല.) ഒരേ പോസ്ററിലേക്ക് രണ്ടാളെവയ്ക്കുക;

(തെളിവ്: 1979ൽ പ്രൊഫ. ടി.വി. കുഞ്ഞിരാമകുറുപ്പിനെ നിലമേൽ കോളേജിലേക്ക് സ്ഥലംമാറ്റുമ്പോൾ അവിടെ അതേ പോസ്റ്റിൽമറ്റൊരുപ്രൊഫസറുണ്ടായിരുന്നു.)] ഹിസ്റ്ററി അധ്യാപകന്റെ പോസ്റ്റിലേക്ക് ഇക്കണോമിക്സ് അധ്യാപകനെ മാറ്റുക; (എസ്സ്. എൻ. മാനേജ്മെന്റ് അപ്രകാരം ചെയ്തപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആ സ്ഥലം മാറ്റത്തിന് അംഗീകാരം നൽകിയില്ല) പുതുതായി അംഗീകാരം വേണ്ട പോസ്റ്റിലേക്ക് വളരെ സീനിയറായ ആളെ വയ്ക്കുക എന്നിവയും കോർപ്പറേറ്റ് മാനേജ്മെന്റുകളിൽ സർവ്വസാധാരണമാണ്. പോസ്റ്റില്ലാത്ത കോളേജിലേക്ക് സ്ഥലം മാറ്റിച്ചെല്ലുന്ന അധ്യാപകരുടെനിയമനത്തിന്യൂണിവേഴ്സിറ്റിയുംകോളേജ് വിദ്യാഭ്യാസവകുപ്പും അംഗീകാരം നൽകുകയില്ല. (ഇങ്ങനെ ശമ്പളം നിഷേധിക്കപ്പെട്ടിട്ടുള്ള, പല വർഷത്തെ സർവ്വീസുള്ള അനേകം അധ്യാപകർ ഈ മാനേജ്മെന്റുകളുടെ കീഴിലുണ്ട്.) കൂടാതെ, അധ്യാപകർക്ക് അർഹമായ ശമ്പളം - ഡി. എ- പ്രൊമോഷൻ കുടിശ്ശികകൾ പല കോളേജുകളിൻനിന്ന് ബില്ലെഴുതി പല ഡപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽനിന്ന് വാങ്ങേണ്ടതായതുകൊണ്ട് പലപ്പോഴും അവ ലഭ്യമാകാതെ പോകുന്നു. പ്രോവിഡന്റ് ഫണ്ട്, എൽ. ഐ. സി. തുടങ്ങിയവയിൽനിന്ന് ലോണെടുക്കുന്നതിനും സാധിക്കുന്നില്ല. ഇതുമൂലം റിട്ടയർ ചെയ്തിട്ട് പെൻഷൻ ലഭിക്കാതെ ചരമമടഞ്ഞ അധ്യാപകരുണ്ട്. (പെൻഷൻ ലഭിക്കണമെങ്കിൽ പെൻഷനർ ജോലി ചെയ്ത കോളേജുകളിൽ പോയി സർവ്വീസ് വെരിഫിക്കേഷൻ നടത്തണം. ജോലിചെയ്ത കോളേജുകളുടെ എണ്ണം പത്തും പന്ത്രണ്ടുമായാലുള്ള കാലവിളംബം ഊഹിക്കാവുന്നതാണല്ലോ. എ. കെ. പി. സി. റ്റി. എ. യുടെ ആദ്യകാലപ്രവർത്തകനായ പ്രൊഫ. എം. പി. രാഘവക്കുറുപ്പിന് പെൻഷൻ വാങ്ങി അനുഭവിക്കുന്നതിന് ഭാഗ്യമുണ്ടായില്ല—പെൻഷൻപറ്റി 5 കൊല്ലം കഴിഞ്ഞാണദ്ദേഹം മരിച്ചത് ]

## യാത്രാബത്ത നിഷേധിക്കുന്നു

സ്ഥലം മാറ്റപ്പെടുന്ന അധ്യാപകന്, മാനേജ്മെന്റ് യാത്രാബത്തനൽകണമെന്ന് കേരള-കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥയുണ്ട്. എന്നാൽ എൻ എസ്. എസ്, എസ്എൻ മാനേജുമെന്റുകൾ വർഷംതോറും സ്ഥലംമാറ്റുന്ന നൂറുകണക്കിനുള്ള അധ്യാപകരിൽ ഒരാൾക്കുപോലും നാളിതുവരെ യാത്രാബത്തനൽകിയിട്ടില്ല. ഇതു സംബന്ധിച്ച് ഇരു യൂണിവേഴ്സിറ്റികളിലും കോടതിയിലും ഞങ്ങൾ പരാതിപ്പെട്ടിട്ടുണ്ട്. സ്ഥലംമാറ്റുന്നതിനുള്ള പരമാധികാരം തങ്ങൾക്കും, സ്ഥലം മാറ്റപ്പെടുന്ന അധ്യാപകർക്ക് യാത്രാബത്ത കൊടുക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റിനുമാണ് എന്ന വളരെ വിചിത്രമായ വാദമാണ് എൻ. എസ്. എസ്സ്. മാനേജ്മെന്റ് ഇതു സംബന്ധിച്ച് ഉന്നയിച്ചത്.

## ഗവർമ്മെണ്ടിന് സാമ്പത്തികനഷ്ടം വരുത്തുന്നു

ഇത്തരം അടിക്കടിയുള്ള സ്ഥലംമാറ്റങ്ങൾകൊണ്ട് കോളേജ് ഓഫീസുകൾ, യൂണിവേഴ്സിറ്റികൾ, കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകൾ എന്നിവിടങ്ങളിലെ ജോലിഭാരം വളരെയേറെ വർദ്ധിക്കുന്നു. തൻമൂലം ഗവർമ്മൻറിന് അനുപേക്ഷണീയമല്ലാത്ത സാമ്പത്തികനഷ്ടം ഉണ്ടാകുന്നു.

## വിദ്യാഭ്യാസരംഗം താറുമാറാകുന്നു

ഇത് കേവലം കുറെ അദ്ധ്യാപകരുടെ സ്വൈരജീവിതത്തിന്റെ പ്രശ്നം മാത്രമല്ല; കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ ഉടമയിലുള്ള വിവിധ കോളേജുകളിൽ പഠിക്കുന്ന അഞ്ചുലക്ഷത്തോളം വിദ്യാർത്ഥികളേയും അവരുടെ കുടുംബങ്ങളേയും, എന്തിന് നമ്മുടെ അധ്യയനനിലവാരത്തെ തന്നെയും ബാധിക്കുന്ന ഒരു സാമൂഹ്യപ്രശ്നംകൂടിയാണ്. അശാസ്ത്രീയമായ സ്ഥലം മാറ്റനയംമൂലം പലപ്പോഴും പല കോളേജുകളിലും വേണ്ടത്ര സ്റ്റാഫില്ലാത്ത സ്ഥിതിയുണ്ടാകുന്നു; [ഉദാഹരണത്തിന്, മട്ടന്നൂർ കോളേജിൽ പത്തോളം പോസ്റ്റുകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു

ണ്ട് അവിടത്തെ പ്രിൻസിപ്പാളിന് പഠിപ്പിക്കാൻ അർഹതയുള്ള വിഷയം കോളേജിൽ ഇല്ലാത്തതുകൊണ്ട് പുതിയ പോസ്റ്റുകൾക്ക് യൂണിവേഴ്സിററി അംഗീകാരം നൽകുന്നില്ല. ഇത്തരം സ്ഥല, മാററങ്ങൾമൂലം അക്കാദമിക്ക് കാര്യശേഷി വളരെയേറെ തകരാറിലാകുന്നുണ്ടെന്ന് കാലിക്കററ് യൂണിവേഴ്സിററി ജനറൽ ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് 1930 ചൂണ്ടിക്കാണിച്ചിട്ടുണ്ട്; (പേജ് 23 )] പോസ്ററുകൾ ഒഴിഞ്ഞുകിടന്നാലും ജോലി ചെയ്യാൻ തയ്യാറായ അധ്യാപകരുണ്ടെങ്കിലും (ഉദാഹരണത്തിന്, 1982 ജൂണിൽ പ്രൊഫ. പി. ഗോപകുമാരകുറുപ്പിനെ പന്തളത്തുനിന്നും നിലമേൽ കോളേജിലേക്ക് സ്ഥലം മാററുമ്പോൾ പന്തളം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ രണ്ട് പോസ്ററുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടായിരുന്നു ) മാനേജ്മെൻറുകൾ അവർക്ക് അങ്ങോട്ട് സ്ഥലം മാററം നൽകാത്ത പ്രശ്നവുമുണ്ട്. അധ്യയനവർഷത്തിൻെറ മധ്യത്തിൽ സ്ഥലം മാററപ്പെടുന്ന ഒരധ്യാപകന് തീർച്ചയായും, പുതിയ സ്ഥലത്ത്, പുതിയ സാഹചര്യത്തിൽ തൻെറ ജോലിയോട് പൂർണ്ണമായ നീതി പുലർത്താൻ കഴിഞ്ഞില്ലെന്ന് വരും. വിദ്യാർത്ഥികൾക്കും പുതുതായി വന്ന അധ്യാപകൻെറ പാഠരീതിയുമായി പൊരുത്തപ്പെടുന്നതിന് സാവകാശം വേണം. (മന:ശാസ്ത്രപരമായ ഈ പ്രശ്നമുണ്ടോ വിദ്യാഭ്യാസം കച്ചവടമാക്കിയിട്ടുള്ളവർക്ക് മനസ്സിലാകുന്നു!)

## മാനേജിംഗ് കൗൺസിൽ

തൊഴിലാളികൾക്ക് മാനേജ്മെൻറിൽ പ്രാതിനിധ്യം നൽകുക എന്ന തത്വം പരക്കെ അംഗീകരിച്ചിട്ടുള്ള ഈ കാലത്തുപോലും കോളേജുകളുടെ ഭരണത്തിൽ അധ്യാപകർക്കർഹമായ പങ്കു നൽകാൻ മാനേജ്മെൻറുകൾ തയ്യാറല്ല. കേരള–കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളിലെ 53-ാം അനുച്ഛേദപ്രകാരം അധ്യാപക, അധ്യാപകേതര– വിദ്യാർത്ഥി വിഭാഗങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഗവൺമെൻറ് - യൂണിവേഴ്സിററി പ്രതിനിധികളും ചേർന്ന മാനേജിങ്ങ് കൗൺസിൽ രൂപീകരിക്കുവാൻ കോർപ്പറേററ് മാനേജ്മെൻറുകൾ ഒരുക്കമല്ല. യൂണിവേഴ്സിററി ആക്ടിലെ വ്യവസ്ഥകളംഗീകരിക്കുവാൻ മാനേജ്മെൻറുകൾ മടി കാണിക്കുന്നു എന്നേ ഇതിനർത്ഥമുള്ളു ഒരുവക നിയമത്തിനും കീഴ്പ്പെടാൻ അവർ തയ്യാറല്ലെന്ന് സാരം. [മാനേജിങ്ങ് കൗൺസിൽ രൂപീകരിക്കുവാൻ മാനേജ്മെൻറുകൾക്ക് നിയമപരമായ ബാധ്യതയുണ്ടെന്നും ഇതിന് കോളേജുകളുടെനടത്തിപ്പിൽ വളരെ ഫലപ്രദമായ പങ്കുവഹിക്കാൻ കഴിയുമെന്നും 15–7–82-ൽ കേരള ഹൈക്കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.]

മേൽ വിവരിച്ചതുപോലെ ഒരുവക ന്യായവും നീതിയും കൂടാതെയുള്ള സ്ഥലം മാററങ്ങൾക്ക് വിരാമമിടുന്നതിനും, മററു മേഖലകളിലെപ്പോലെ കോർപ്പറേററ് മാനേജ്മെൻറുകളിലെ സ്ഥലം മാററങ്ങൾക്ക് ചില പൊതു നിയമങ്ങളാവിഷ്ക്കരിക്കുന്നതിനും, മാനേജ്മെൻറുകളുടെ അധ്യാപകദ്രോഹനയം അവസാനിപ്പിക്കുന്നതിനുമായി എൻ. എസ് എസ്സ്. - എസ്സ്. എൻ മാനേജ്മെൻറുകളുടെ കീഴിലുള്ള അധ്യാപകർ എ. കെ. പി സി. ററി. എ. യുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വ്യാഴവട്ടമായി പ്രക്ഷോഭം നടത്തിവരുകയാണ്. നിരവധി തവണ നിവേദനങ്ങൾ നടത്തിയതിൻെറ ഫലമായി മാനേജ്മെൻറുകൾ സ്ഥലം മാററങ്ങൾക്ക് പൊതു തത്വങ്ങളുണ്ടാക്കാമെന്ന് ഉറപ്പുനൽകിയെങ്കിലും (എൻ. എസ് എസ്സ്. മാനേജ്മെൻറ് കരാറിൽ ഒപ്പുവയ്ക്കുകയുമുണ്ടായി.) നാളിതുവരെ അതുണ്ടായിട്ടില്ല. മൂന്നുതവണ എൻ എസ്. എസ്സ്. കേന്ദ്രഓഫീസിൻെറ മുമ്പിലും (1977, 1978, 1982) രണ്ടുതവണ എസ്സ്. എൻ. ട്രസ്റ്റിൻെറ മുമ്പിലും (1980, 1982) അധ്യാപകർ ഈ ആവശ്യമുന്നയിച്ച് ധർണ നടത്തുകയുണ്ടായി. 1977ൽ എൻ. എസ്. എസ്സ്. മാനേജ്മെൻറിൻെറ ആൾക്കാർ അധ്യാപകരെ അസഭ്യം കൊണ്ടഭിഷേകം ചെയ്തെങ്കിൽ, 1982ൽ അവർ അധ്യാപകരുടെമേൽ കയ്യേററം നടത്തുകതന്നെ ഉണ്ടായി. മാനജ്മെൻറിന് ഒരു മെമ്മോറാണ്ടം നൽകാൻപോലും അവർ അനുവദിച്ചില്ല. ഉഭയസമ്മതപ്രകാരം കേരള – കാലിക്കററ് സർവ്വകലാശാലകൾ സ്ഥലം മാററങ്ങൾക്ക് ചില "നോംസ്"

ഉണ്ടാക്കുകയുണ്ടായെങ്കിലും മാനേജ്മെൻറുകൾ ആ തത്വങ്ങളനുവർത്തിക്കാൻ കൂട്ടാക്കിയിട്ടില്ല. യൂണിവേഴ്സിററി തലത്തിൽ കോർപ്പറേററ് മാനേജ്മെൻറുകളിലെ അധ്യാപകരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകാതെ വന്നപ്പോഴാണ്, എ.കെ. പി. സി. ററി. എ. പ്രശ്നത്തിൻെറ ഗൗരവം സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്താൻ മുതിർന്നത്. 1980 ജൂലൈ 6–ാം തീയതി എ. കെ. പി. സി. ററി എ കേരള അസംബ്ലിക്കുമുമ്പിൽ വമ്പിച്ച കൂട്ടധർന്ന നടത്തുകയുണ്ടായി. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നിരവധി തവണ നിവേദനങ്ങൾ നൽകി. കോർപ്പറേററ് മാനേജുമെൻറുകളിലെ അധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക എന്നത് 1981 ഫെബ്രുവരിയിൽ നടത്തിയ കോളേജ് അധ്യാപകരുടെ പൊതുപണിമുടക്കിലെ ഒരു പ്രധാന ആവശ്യമായിരുന്നു തുടർന്നുണ്ടായ ഒത്തുതീർപ്പിൽ, ഇതിനു വേണ്ട നടപടികൾ കൈക്കൊള്ളാമെന്നും ആ സംരംഭം വിജയിക്കാതെ വരുന്നെങ്കിൽ അന്തർ സർവ്വകലാശാലാ സ്ഥലം മാററങ്ങൾ ശാശ്വതമായി തടയുന്ന കേരളാ_ കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളിലെ 64–ാം അനുച്ഛേദം നടപ്പിലാക്കാമെന്നും ഉറപ്പുനൽകുകയും ചെയ്തു. [1975-ൽ പാസ്സാക്കിയ യൂണിവേഴ്സിററി നിയമങ്ങളിലെ ഈ അനുച്ഛേദം മാത്രം ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. ഇത് നടപ്പിലാക്കാത്തതുമൂലം തങ്ങൾക്ക് ഭരണപരമായ വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ഇതര യൂണിവേഴ്സിററികളും ഗവർമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. മൂന്നാമതൊരു അഫിലിയേററിങ്ങ് യൂണിവേഴ്സിററികൂടി വന്നാൽ പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമാകുമെന്ന് പറയേണ്ടതില്ല.] പിന്നീട് ഇതിലേക്കായി ഗവർമ്മെണ്ട് വിളിച്ചുകൂട്ടിയകോൺഫറൻസ് ചില മാനേജ്മെൻറ് പ്രതിനിധികളുടെ പിടിവാശിമൂലം ഫലവത്തായില്ല.

## വീണ്ടും ട്രാൻസ്ഫറുകൾ

ഇതെല്ലാം നടക്കുന്നതിനിടക്കും എൻ.എസ്. എസ്സ്.—എസ്സ്. എൻ. മാനേജുമെറുകൾ അധ്യാപകരെ വ്യാപകമായി സ്ഥലം മാററി കൊണ്ടിരുന്നു. കോളേജധ്യാപകരുടെ പൊതുപണിമുടക്കം (1981) അവസാനിച്ച ഉടനെ തന്നെ സമരസമിതി ചെയർമാനും കാലിക്കററ് യൂണിവേഴ്സിററി സിൻഡിക്കേററ് മെമ്പറുമായ പ്രൊഫ. ആർ ആർ. സി. നായരെ അദ്ദേഹം അതുവരെ ജോലിചെയ്തുകൊണ്ടിരുന്ന ഒററപ്പാലം കോളേജിൽനിന്നും അദ്ദേഹത്തിന്ന് വളരെ അസൗകര്യകരമായ മഞ്ചേരികോളേജിലേക്ക് മാററി. (മുപ്പതുവർഷത്തെ സേവനത്തിനിടക്ക് അദ്ദേഹത്തിൻെറ പതിനൊന്നാമത്തെ സ്ഥലം മാററമാണ് ) സമരസമിതി കൺവീനറും എ. കെ. പി. സി. ററി. എ. ജനറൽ സെക്രട്ടറിയുമായ പ്രൊഫ. ജി. മാധവൻനായരെ നിലമേൽ കോളേജിൽനിന്നും മഞ്ചേരി കോളേജിലേക്ക് സ്ഥലംമാററി കൂടാതെ, അസോസിയേഷൻെറ സ്റേററ് കൗൺസിൽ അംഗങ്ങൾ, ജില്ലാഭാരവാഹികൾ എന്നിവരുൾപ്പെടെയുള്ള നിരവധി അധ്യാപകരെ മുന്നൊന്നുമില്ലാത്തതോതിൽ സ്ഥലം മാററി നിയമിച്ചു ചങ്ങനാശ്ശേരിയിലെ ധർണക്ക് നേതൃത്വം നൽകിയ ഒരു ഡസനോളം അധ്യാപകരെ ധർണ കഴിഞ്ഞ പിറേറ ആഴ്ചതന്നെ എൻ. എസ്. എസ്സ്. മാനേജ്മെൻറ് പ്രതികാരബുദ്ധിയോടെ സ്ഥലം മാററി. 1982 മാർച്ചിൽ എസ്സ്. എൻ മാനേജ്മെൻറ്, എസ്സ്. എൻ കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ സെക്രട്ടറിയും കാലിക്കററ് യൂണിവേഴ്സിററി സെനററ് മെമ്പറുമായ പ്രൊഫ. എൻ. ശിവരാജനെ നാട്ടികയിൽനിന്നും കണ്ണൂർ എസ്. എൻ. കോളേജിലേക്ക് സ്ഥലം മാററി,

ഈ വർഷം ജൂണിൽ, കോളേജുകൾ തുറന്നശേഷം എൻ. എസ്. എസ്സ്. മാനേജ്മെൻറ് ഒരു ട്രാൻസ്ഫർ ലിസ്ററ് പുറപ്പെടുവിപ്പിച്ചു. മൊത്തം 120 സ്ഥലംമാററങ്ങളുടെ ഒരു നീണ്ട പട്ടികയാണത്. അതിൽ പകുതിയിലധികവും അത്യധികം ഉപദ്രവകാരികളാണ്. എ. കെ. പി. സി. ററി. എ. സംസ്ഥാന സെക്രട്ടറിയും എൻ. എസ്. എസ്സ്. കോളേജ് ടീച്ചേഴ്സ് കോ–ഒ

ഡിനേഷൻ കൗൺസിൽ പ്രസിഡൻറുമായ പ്രൊഫ. ആർ. രവീന്ദ്രൻനായരെ നെയ്യാററിൻകരനിന്നും മട്ടന്നൂർക്ക് സ്ഥലം മാററി. (രണ്ടു സ്ഥലങ്ങളും തമ്മിലുള്ള ദൂരം ഏകദേശം 600 കി. മീ ) അസോസിയേഷൻെറ ആലപ്പുഴജില്ലാ സെക്രട്ടറി കെ. സദാശിവൻ നായരെ പന്തളത്തുനിന്ന് ചേർത്തലക്കും, പ്രൊഫ. ജി. മാധവൻനായരെ മഞ്ചേശ്വരിയിൽ നിന്ന് മട്ടന്നൂർക്കും. വളരെ ദീർഘകാലം അത്യധികം അസൗകര്യപ്രദമായ ഇടങ്ങളിൽ ജോലിചെയ്തിട്ടുള്ള പ്രൊഫ. കെ. എൻ. ഭാസ്കരൻനായർ, എൻ മുരളീധരൻപിള്ള, പി. ഗോപകുമാരക്കുറുപ്പ്, ടി. വി. ഉണ്ണികൃഷ്ണൻ, പ്രൊഫ ടി. വി. കുഞ്ഞിരാമക്കുറുപ്പ്, പ്രൊഫ. എം. സദാശിവൻപിള്ള എസ്, കൃഷ്ണൻകുട്ടിനായർ, പ്രൊഫ എൽ. കെ. ജയരാജക്കുറുപ്പ്, പ്രൊഫ. ശാന്തകുമാരി പ്രൊഫ. ബി. രമാദേവി, എം വിജയലക്ഷ്മി തുടങ്ങിയവരെ കൂടുതൽ അസൗകര്യപ്രദമായസ്ഥലങ്ങളിലേക്ക് സ്ഥലംമാററി നിയമിച്ചു.

വിസ്താരഭയത്താൽ എൻ.എസ്. എസ്സ് — എസ്സ് എൻ മാനേജ്മെൻറുകളുടെകീഴിൽ പീഡിപ്പിക്കപ്പെടുന്ന ഏതാനും പേരുടെ കേസ്സുകൾ മാത്രമെ ഇവിടെ പരാമർശിച്ചിട്ടുള്ളു. മററ് കോർപ്പറേററ് മാനേജ്മെൻറുകളും അവരുടെ കഴിവിനൊത്ത് അധ്യാപകരെ ദണ്ഡിപ്പിക്കുന്നുണ്ട്' (ഉദാഹരണത്തിന്, മണ്ണാർകാട് കോളേജിൽ നിന്ന് അവിടെ നടന്ന അധ്യാപകസമരത്തെ തുടന്ന് മമ്പാട് കോളജിലേക്ക് സ്ഥലം മാററപ്പെട്ട പ്രൊഫ. അലിഖാന്, വർഷം പത്തു കഴിഞ്ഞെങ്കിലും എം ഇ എസ്. മാനേജ്മെൻറ് തിരിച്ച് മണ്ണാർകാട്ടേക്ക് സ്ഥലംമാററം നൽകിയിട്ടില്ല. സർക്കാരിന് നിയന്ത്രണാധികാരമുള്ള തിരുവിതാംകൂർ — കൊച്ചിൻ ദേവസ്വം ബോർഡ് മാനേജ്മെൻറുകളും ഇക്കാര്യത്തിൽ മോശക്കാരല്ല.

## എന്താണ് പോംവഴി?

സ്ഥലം മാററങ്ങൾക്ക് പൊതുതത്വം വേണമെന്ന അധ്യാപകരുടെ ആവശ്യം മാനേജ്മെൻറുകൾ അംഗീകരിക്കാൻ തയ്യാറായേ പററൂ. അധ്യാപകരുമായി കൂടിയാലോചിച്ച് എത്രയും പെട്ടെന്ന് പൊതുതത്വങ്ങളാവിഷ്ക്കരിക്കുകതന്നെ വേണം. എല്ലാ അധ്യാപകരേയും ഒരുപോലെ കാണാൻ മാനേജ്മെൻറുകൾക്ക് കഴിയേണ്ടതാണ്. മാനേജ്മെൻറുകളുടെമേൽ ഇതിലേക്ക് ഗവൺമെൻറ് സമ്മർദ്ദം ചെലുത്തേണ്ടതുണ്ട് അവസാന വിശകലനത്തിൽ ഇത് ഗവൺമെൻറിൻെറ ചുമതലയാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിതസൗകര്യങ്ങളും സാമാന്യനീതിയും ഉറപ്പുവരുത്തുക എന്നത് ഏതൊരു പരിഷ്കൃത ഗവൺമെൻറിൻേറയും പ്രാഥമിക ചുമതലയാണല്ലോ ഇക്കാര്യത്തിൽ, കേരളത്തിലെ രാഷ്ട്രീയ കക്ഷികളും ട്രേഡ് യൂണിനുകളും സർവ്വീസ്. വിദ്യാർത്ഥി സംഘടനകളും ഞങ്ങൾക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ട്രാൻസ്ഫർനോംസ്

താഴെപറയുന്ന 'ട്രാൻസ്ഫർനോംസ്' ഞങ്ങൾ നിർദ്ദേശിക്കുന്നു:

1) അനുപേക്ഷണീയമായ സാഹചര്യങ്ങളിൽമാത്രം സ്ഥലം മാററങ്ങൾ നടത്തുക.

2) കൊല്ലത്തിൽ ഒരൊററ ട്രാൻസ്ഫർ പട്ടിക മാത്രമേ പാടുള്ളു. അത് മെയ് 15നുമുമ്പ് പുറപ്പെടുവിക്കുക.

3) അധ്യാപകരെ അവർക്ക് സൗകര്യപ്രദമായ കോളേജുകളിൽ ജോലിചെയ്യാനനുവദിക്കുക ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ അസൗകര്യം എന്ന തത്വം പാലിക്കുക. അസൗകര്യം എല്ലാ അധ്യാപകർക്കുമായി തുല്യമായി പങ്കിടുക.

4) രണ്ടുവർഷത്തിൽ കൂടുതൽ അസൗകര്യപ്രദമായ സ്ഥലങ്ങളിൽ ജോലി നോക്കിയ അധ്യാപകർക്ക് അവർ ആവശ്യപെടുന്ന കോളേജിലേക്ക് സ്ഥലംമാററം കൊടുക്കുക. പകരം മാററപ്പെടുന്നവർ, ഏററവും കൂടുതൽ കാലം സൗകര്യപ്രദമായ ഇടങ്ങളിൽ ജോലി നോക്കിയവരായിരിക്കണം.

5) അധ്യാപക ദമ്പതികളെ അവർ ആവശ്യപ്പെടുന്ന കോളേജിലോ. അടുത്തടുത്ത കോളേജിലോ ജോലി ചെയ്യാൻ അനുവദിക്കണം.

6) തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിററി—സ്വയംഭരണ സ്ഥാപന സമിതികളിലെ മെമ്പർമാരെ അവരുടെ പ്രവർത്തനരംഗത്തുനിന്നും മാററുന്നവിധത്തിൽ ട്രാൻസ്ഫർ പാടില്ല

7) ഉഭയസമ്മതപ്രകാരമുള്ള ട്രാൻസ്ഫറുകൾ അനുവദിക്കണം.

8) സ്ഥലം മാററപ്പെടുന്ന അധ്യാപകർക്ക് കെ എസ്. ആറിലെ വകുപ്പുകൾ പ്രകാരമുള്ള 'ജോയിനിംഗ്ടൈമും' 'ഏ. യും' നൽകുക.

9) സ്ഥലംമാററം നടത്തുന്നത് അംഗീകൃത തത്വങ്ങളനുസരിച്ചാണോ എന്ന് പരിശോധിക്കുന്നതിനും അപാകതകളെന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപക പ്രതിനിധികളുൾപ്പെടുന്ന ഒരു 'വിജിലൻസ് കമ്മിററി' രൂപീകരിക്കുക

പ്രൊഫ. എ. ആർ ചന്ദ്രശേഖരൻ
(പ്രസിഡണ്ട്)

പ്രൊഫ. എൻ എം. ജോസഫ്
(ജനറൽ സെക്രട്ടറി)

(25–7–1982)

# മലബാർ ക്രിസ്ത്യൻ കോളേജിലെ അന്യായമായ പിരിച്ചുവിടൽ

## അദ്ധ്യാപകർ പ്രത്യക്ഷ സമരത്തിലേക്ക്

### സംയുക്ത ആക്ഷൻകമ്മിററിയുടെ പ്രസ്താവന

കോഴിക്കോട്, സെപ്ററംബർ 22

**കോഴിക്കോട്ടെ മലബാർ ക്രിസ്ത്യൻ കോളേജിലെ സുവോളജി ഡിപ്പാർട്ടുമെൻറിൽ പ്രൊഫസ്സറായ ശ്രീ ലാൻസ്ലററ് തോമസ്സിനെ സർവ്വീസ്സിൽ എന്ന് പിരിച്ചുവിട്ട മാനേജുമെൻറിൻെറ അക്രമനടപടിയ്ക്കെതിരായി പ്രത്യക്ഷ നടപടികളിലേക്ക് നീങ്ങാൻ അധ്യാപക സുമദായം നിർബന്ധിതമായിരിക്കുകയാണ്. കോളേജിലെ ജോലിയും ഡിസിപ്ളിനുമായി ബന്ധപ്പെട്ട കാരണങ്ങളെ ചൊല്ലിയല്ല കണ്ണടച്ചു തുറക്കുന്ന സമയം കൊണ്ട് മാനേജുമെൻറ് സസ്പെൻഷനും ഡിസ്മിസ്സലുമൊക്കെ നടത്തിയത്. ഒരുസ്വത്തു കാര്യം സംബന്ധിച്ച് പിരിച്ചു വിടപ്പെട്ട അധ്യാപകനും മാനേജുമെൻറും തമ്മിൽ കോടതിയിൽ കേസ്സുണ്ട്. കോടതിക്കേസ്സ് കോടതിക്ക് പുറത്തുവച്ച് സൂത്രത്തിൽ ജയിക്കാനുള്ള ബ്ളാക്ക്മെയിൽ തന്ത്രമാണ് മാനേജുമെൻറ് കൈക്കൊണ്ടത്. ഇതു സംബന്ധിച്ച് സംയുക്ത ആക്ഷൻ കമ്മററി പുറപ്പെടുവിച്ച പ്രസ്താവന താഴെ ചേർക്കുന്നു.**

ഒന്നര ദശാബ്ദക്കാലമായി കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ ജോലിചെയ്തു വരുന്ന പ്രൊഫസർ ലാൻസ്ലററ് തോമസ്സിനെ മാനേജ്മെൻറ് തികച്ചും അന്യായമായ രീതിയിൽ, സ്വാഭാവികനീതി പോലും നിഷേധിച്ചുകൊണ്ട്, സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിരിക്കയാണ്. മാനേജ്മെൻറിൻെറ ഈ ഹീനനടപടിയെ ചെറുത്തുതോൽപ്പിക്കുവാൻ വേണ്ടി ഉടൻ സമരരംഗത്തിറങ്ങുവാൻ പ്രൈവററ് കോളേജ് അധ്യാപകൻെറ പോർച്ചട്ടയും പടവാളുമായ എ. കെ. പി. സി. ടി എ മുഴുവൻ സ്വകാര്യകോളേജ് അധ്യാപരെയും ആഹ്വാനം ചെയ്തിരിക്കുന്നു. സുദീർഘമായ സമര പരമ്പരകളിലൂടെ പ്രൈവററ് കോളേജ് അധ്യാപകർനേടിയെടുത്ത സേവന ഭദ്രതയുടെമേൽ മാനേജ്മെൻറിൻെറ ഈ കയ്യേററം തടയുന്നതിൽ എല്ലാ വിദ്യാഭ്യാസ തല്പരരുടെയും വിദ്യാർത്ഥി–യുവജന–തൊഴിലാളി–സർവ്വീസ് സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടേയും നിർല്ലോഭമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് എ. കെ പി. സി. ടി. എ. അഭ്യർത്ഥിക്കുന്നു.

### മാനേജ്മെൻറിൻെറ പ്രതികാരഭ്രാന്ത്

ക്രിസ്ത്യൻ കോളേജിൻെറ ഉടമസ്ഥതയെച്ചൊല്ലി ചിരകാലമായി ഇരുവിഭാഗങ്ങൾ തമ്മിൽ നടന്നു വരുന്ന നിയമയുദ്ധപരമ്പരകളിലും അവരുടെ ജയാപജയങ്ങളിലും അസോസിയേഷന് അശേഷം താൽപ്പര്യമില്ല. എന്നാൽ നിയമവിരുദ്ധ നടപടികളിലൂടെ ഒരധ്യാപകനെ സർവ്വീസിൽനിന്നും നീക്കം ചെയ്ത മാനേജ്മെൻറ് അധ്യാപക താല്പര്യത്തിന്നെതിരായ ഒരു യുദ്ധമുന്നണി തുറന്നിരിക്കയാണ്. കേരളത്തിലെ സ്വകാര്യ കോളേജധ്യാപകൻെറ സേനന ഭദ്രതയാണിവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. നിയമാധിഷ്ഠിത

സേവനഭദ്രത നേടുന്നതിന് മുമ്പും മാനേജ്മെൻറിൻെറ ഇത്തരം കടന്നാക്രമണങ്ങളെ പെരുത്തുതോൽപ്പിച്ച പാരമ്പര്യമാണ്. എ. കെ. പി. സി. ടി. എ. ക്കുള്ളത്. ക്രിസ്ത്യൻ കോളേജ് മാനേജ്മെൻറ് കാലം മാറിയതറിയാതെ കൈക്കൊണ്ട ഭ്രാന്തൻ നടപടി പിൻവലിച്ച് അധ്യാപകനെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നില്ലെങ്കിൽ അതിശക്തമായ അധ്യാപക പ്രക്ഷോഭണത്തെ നേരിടേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. തൽഫലമായി ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകാൻ പോകുന്ന സ്തംഭനത്തിനും സംഘർഷത്തിനും അവർ മാത്രമായിരിക്കും ഉത്തരവാദികൾ.

കുറെക്കാലമായി കേരളത്തിൽ പ്രൈവററ് കോളേജ് സർവ്വീസ് രംഗത്ത് അന്യായമായ സ്ഥലംമാററം, ലീവ് നിഷേധം തുടങ്ങിയ പല വൈരനിര്യാതന നടപടികൾ ഏതാനും മാനേജ്മെൻറുകൾ നടത്തിവരുന്നുണ്ടെങ്കിലും ഒരദ്ധ്യാപകനെ പിരിച്ചുവിടാൻ അവർമുതിർന്നിരുന്നില്ല. യൂണിവേഴ്സിററി നിയമത്തിലൂടെ അദ്ധ്യാപകന് ലഭിച്ച നാമമാത്രമായസേവന സംരക്ഷണം മാത്രമല്ല ഇതിനു കാരണം. അതിലുപരി എ. കെ. പി. സി. ടി. എ. യുടെ സമരശേഷിയും മാനേജ്മെൻറുകളെ അത്തരം സാഹസിക നടപടികളിൽനിന്ന് പിന്തിരിപ്പിച്ചു പോന്നിട്ടുണ്ട്. എന്നാലിതൊന്നും പ്രതികാര ഭ്രാന്തിളകിയ ക്രിസ്ത്യൻകോളേജ് മാനേജ്മെൻറിന്നു ബാധകമല്ലെന്നു തോന്നുന്നു. അവരുടെ ഈ ദുസ്സാഹസം പ്രസ്തുത അദ്ധ്യാപകൻെറ മാത്രമല്ല മുഴുവൻ സ്വകാര്യകോളേജ് അദ്ധ്യാപകരുടെയും സേവന ഭദ്രതക്കു മുമ്പിൽ ചോദ്യചിഹ്നമുയർത്തിയിരിക്കുന്നു. അതുകൊണ്ടു തന്നെയാണ് കേരളത്തിലെ മുഴുവൻ സ്വകാര്യകോളേജ് അദ്ധ്യാപകർക്കും വേണ്ടി ഈ വെല്ലുവിളി സ്വീകരിച്ചു തിരിച്ചടിക്കാൻ എ. കെ. പി. സി. ടി. എ. മുന്നോട്ട് വന്നിട്ടുള്ളത്.

## കോടതിയിലിരിക്കുന്ന കേസ്സിൽ മാനേജ്മെൻറ് ശിക്ഷ വിധിക്കുന്നു.

അദ്ധ്യാപകനെന്ന നിലക്കുള്ള തൻെറ കർത്തവ്യ നിർവഹണത്തിൽ എന്തെങ്കിലും വീഴ്ച വരുത്തിയതിനല്ല പ്രൊഫ. ലാൻസ്ലററ് തോമസ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. കൃത്യവിലോപം, സമാചാരഹീനത, നിസ്സഹകരണം തുടങ്ങി സാധാരണ അച്ചടക്ക നടപടിക്കു വിധേയനാകുന്ന അദ്ധ്യാപകൻെറ മേൽ ആരോപിക്കപ്പെടുന്ന കുററങ്ങളൊന്നും തന്നെ ഈ അദ്ധ്യാപകൻെറ മേൽ ചുമത്തപ്പെട്ടിട്ടില്ല. ഒരു കൃത്രിമ രേഖയുണ്ടാക്കി കോളേജ് വക സ്വത്ത് കൈവശം വെച്ചുവരുന്നുവെന്നാണ് മാനേജ്മെൻറ് അച്ചടക്ക നടപടിക്കാധാരമായി പറയുന്നത്. ഈ ആരോപണം ഒരു കേസ്സിൻെറ രൂപത്തിൽ കോടതി മുമ്പാകെയുണ്ട്. ഇതിൻെറ സത്യാവസ്ഥ നിർണ്ണയിച്ചുകൊണ്ടുള്ള കോടതിവിധി വരാനിരിക്കുന്നതേയുള്ളു. അങ്ങനെ, കോടതിയിൽ നിന്നും അന്തിമവിധി വന്നിട്ടില്ലാത്ത ഒരു സ്വത്തു തർക്കത്തിൻെറ മാത്രം പേരിൽ ഒരധ്യാപകനെ പിരിച്ചുവിട്ടുകൊണ്ടുള്ള എത്രയും ധിക്കാരപരമായ ഒരു നടപടിയാണ് ക്രിസ്ത്യൻ കോളേജ് മാനേജ്മെൻറ് സ്വീകരിച്ചിരിക്കുന്നത്. മാനേജ്മെൻറിൻെറ അന്യായമായ ഈ നടപടി നീതിന്യായ പീഠത്തിൻെറ ശ്രദ്ധയിൽ പെടുത്തി നീതിനേടിയെടുക്കാനുള്ള പ്രൊഫ. ലാൻസ്ലററ് തോമസ്സിൻെറ എല്ലാ ശ്രമങ്ങൾക്കും അസോസിയേഷൻ കലവറയില്ലാത്ത പിന്തുണ നൽകുന്നതാണ്.

## എന്തുകൊണ്ട് പ്രത്യക്ഷ സമരം?

എന്നാൽ നിയമയുദ്ധം കൊണ്ടുമാത്രം അധ്യാപകനു നീതി ലഭിക്കുമെന്നല്ല ചരിത്രം സംഘടനയെ പഠിപ്പിച്ചിട്ടുള്ളത്. സ്വാഭാവികനീതിപോലും നിഷേധിക്കപ്പെട്ട അധ്യാപകന് സർവ്വീസ്സിന് വെളിയിൽ നിന്നുകൊണ്ടാണ് ജീവൻമരണ പോരാട്ടം നടത്തേണ്ടിവരുന്നത്. നിയമ യുദ്ധമാകട്ടെ സുദീർഘവും സങ്കീർണ്ണവുമായിരിക്കും. നീതിലഭിക്കാനുള്ള കാലതാമസം നീതിനിഷേധത്തിനു തുല്യമാണെപ്പോഴും. ക്രിസ്ത്യൻകോളേജ് മാനേജ്മെൻറിൻെറ ഈ സാഹസം മററു മാനേജ്മെൻറുകളിലുളവാക്കാവുന്ന പ്രതികരണവും അസോസിയേഷനു അവഗണിക്കാൻ സാദ്ധ്യമല്ല.

(ശേഷം 23–ാം പേജിൽ)

# വാർത്തകൾ

## ബ്രാഞ്ച് കൺവൻഷൻ

### കേരളവർമ്മ കോളേജ്

കേരള വർമ്മകോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് കൺവെൻഷൻ 31–7–81 രാവി ലെ9–30ന് സംഘടനാപ്രസിഡൻറ് പ്രൊഫ എം. ആർ സി. ഉൽഘാടനം ചെയ്തു. അറുപതോളം അംഗങ്ങൾ പങ്കെടുത്ത കൺവൻ ഷനിൽ 'എ. കെ. പി. സി. ടി. എ. യുടെ പ്രവർത്തന ചരിത്രം' എന്ന പ്രബന്ധം എം ആർ. സി. അവതരിപ്പിച്ചു. തുടർന്നുനടന്നചർ ച്ചയിൽ പങ്കെടുത്തുകൊണ്ട് എ.കെ.പി.സി. ടി.എ.യുടെ സംസ്ഥാനതലപ്രവർത്തനങ്ങളിൽ വരേണ്ട ആരോഗ്യകരമായ മാററങ്ങളെക്കുറിച്ച് തമ്പി, വി. ജി. ഗോപി, കാളിയത്ത് ദാമോദ രൻ, സി. കെ വർഗ്ഗീസ്, ശിവശങ്കരൻ എ ന്നിവർ സംസാരിച്ചു. അസോസിയേഷൻെറ കാഴ്ചപ്പാടിൽ സാമൂഹ്യവും വിദ്യാഭ്യാസപ രവുമായ നിലപാടുകൾ ഉണ്ടാകണമെന്നും അ ത് സാമൂഹ്യ പുരോഗതിയെ ലക്ഷ്യമാക്കി യുള്ള പ്രതിബദ്ധ പ്രവർത്തനത്തിൻെറ ഭാഗ മായി വളർത്തിയെടുക്കണെമെന്നും അംഗങ്ങൾ ഒരുപോലെ ആവശ്യപ്പെട്ടു. മററു സംഘടന കളെപ്പോലെ രാഷ്ട്രിയമായ നിലപാടു വ്യ ക്തമാക്കികൊണ്ട് മുന്നോട്ടുള്ള പ്രവർത്തനം നടത്തേണ്ടതിൻെറ ആവശ്യകത സി. എസ്. ദിവാകരൻ വിശദമാക്കി.

ഉച്ചയ്ക്ക് രണ്ടു മണിക്ക് ആരംഭിച്ച രണ്ടാമത്തെ സെഷനിൽ പ്രൊഫ. വി. നാരായണൻ കുട്ടിയുണിവേഴ്സിററി നിയമങ്ങളും പ്രൈ വററ് കോളേജ് അധ്യാപകരുടെ സർവീസ് പ്രശ്നങ്ങളും, എന്നപ്രബന്ധം അവതരിപ്പിച്ചു.

'എ. കെ. പി. സി. ടി. എ. യും മററു സംഘടനകളും – കാഴ്ചപ്പാടിൻെറ പ്രശനങ്ങ ൾ' എന്ന വിഷയം പ്രൊഫ. ആർ. ആർ. സി. നായർ അവതരിപ്പിച്ചു.

ബ്രാഞ്ചു പ്രസിഡൻറ് പ്രൊഫ. കുഞ്ഞുണ്ണി ഉൽഘാടനയോഗത്തിൽ അധ്യക്ഷനായിരുന്നു. സംസ്ഥാന സെക്രട്ടറി പ്രൊഫ. ജയിംസ്, സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ. തോളൂർ ശശിധരൻ, അക്കാദമിക് കൗൺസിൽ അംഗം പ്രൊഫ. ലക്ഷ്മിനാരായണൻ എന്നിവർ കൺവൻഷനിൽ പങ്കെടുത്ത് സംസാരിച്ചു.

## ശ്രീ വിവേകാനന്ദാ കോളേജ്, കുന്നംകുളം

ശ്രീവിവേകാനന്ദാ കോളേജിലെ അധ്യാപകർ യോഗം ചേർന്ന് എ. കെ. പി. സി. ടി എ. യുടെ ബ്രാഞ്ച് കോളേജിൽ രൂപീകരിച്ചു

ശ്രീ. എ വി. സുരേഷിനെ ബ്രാഞ്ചുപ്രസിഡൻറായും ശ്രീ. എ. വി. മധുവിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. ശ്രീ. എ അനിൽകുമാർ മിസ്. കെ.വി സുജനി ശ്രീ. ലക്ഷ്മിനാരായണൻ എന്നിവർ കമ്മററി അംഗങ്ങളായിരിക്കും.

ബ്രാഞ്ചു രൂപീകരണ യോഗത്തിൽ എ കെ. പി. സി. ടി. എ. ജില്ലാസെക്രട്ടറി ശ്രീ പി. പി. ജോർജ് അധ്യക്ഷത വഹിച്ചു. സംഘടനയുടെ വൈസ്പ്രസിഡൻറ് പ്രൊഫ തോളൂർ ശശിധരൻ, സെക്രട്ടറി പ്രൊഫ. ടി. വി. ജയിംസ് ജില്ലാപ്രസിഡൻറ് ശ്രീ. എ.എം. കൃഷ്ണൻതുടങ്ങിയവർ സംസാരിച്ചു.

---

(4–ാം പേജിൻെറ തുടർച്ച)

ത്തനവും പ്രക്ഷോഭ പരിപാടികളും അസാദ്ധ്യമായിത്തിരുകയായിരിക്കും ഈ നിയമം നടപ്പിലാക്കുന്നതിൻെറ ഫലമായുണ്ടാകുന്നതെന്ന് പ്രവർത്തകസമിതി അഭിപ്രായപ്പെട്ടു.

കോഴിക്കോട്ട' വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിവേദനം സമർപ്പിക്കാൻ പോയ അധ്യാപകരെ അറസ്ററു ചെയ്യിക്കുകയും അവരെ സർവീസിൽ നിന്ന് സസ്പെൻറു ചെയ്യിക്കുകയും ചെയ്ത ഗവൺമെൻറ് നയം എത്രയും ആക്ഷേപകരമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. അധ്യാപകരുടെ മേൽ നടപ്പിലാക്കിയിട്ടുള്ള സസ്പെൻഷനും കേസ്സും പിൻവലിക്കണമെന്നും യോഗം ഗവൺമെൻറിനോട് ഒരു പ്രമേയം മൂഖേന ആവശ്യപ്പെട്ടു.

# ഗവൺമെൻറ് / യൂണിവേഴ്സിററി ഓർഡറുകൾ

## Higher Edn (D) Department

No. 37028/DI/H. Edn. Trivandrum 7-7-1982

From
The Spl. secretary to Govt.

To
The Registrar,
University of Kerala.

Sir,

Sub :- Private College - eligibility for the post of II grade Professor in a language Dept. where there are at least four teachers-Clarification.

Ref :- Y. L. No. ACF. 1-3-1938/80 dt 19-8-1981.

I am directed to invite reference to the letter cited and to inform you that as per Kerala University First ordinance 1978, as amended vide No. Acad. L/1618/ord/80 dated 4-6-1980, a particular language Department where there are at least four teachers, is eligible for the post of a II Grade (cadre) professor separately, i.e. based solely on the staff strength in that particular language Dept.

Yours faithfully,
Sd.
Under Secretary,
For SS to Government.

Copy to: DCE (vide L. No. Eslt. DI-67856/81 L. Dis. dt. 27.1.82.

## Government of Kerala
## Higher Education (D) Department

No 18755/DI/82/H Edn. Trivandrum 29-7-82

From
The Special secretary to Government

To
The Registrar,
University of Kerala

Sir,

Sub ;- Private colleges-St.Gregorios College, Kottarakkara– Shri G. George–exemption from upper age limit for approval of appointment as junior lecturer–request for-

Ref :- Representation dt. 7-2-82 from Shri G. George addressed to the Special Secretary to Government, Higher Education Department.

I am directed to forward herewith a copy of the representation cited and to inform you that the Govt. have no objection in the University approving the appointment of Shri G. George as Junior Lecturer in Politics, St. Gregorios College, Kottarakkara, as a special case, by extending to him the benefit of GO (P) 423/69/Edn. dt. 10-11-69 (Copy enclosed)

Yours faithfully,
Sd.
G. Vibhukumar,
Under Secretary
For Spl. Secretary to Government

Copy to :

1. The Director of Collegiage Education (vide letter No. Estt. D1. 16088/82/L. Dis dt 3-6-82).
2. The Dy. Director of Collegiate Edn Quilon.
3. The Manager, St. Gregories College, Kottarakkara.
4. Sri. G George, Junior Lecturer in Politics. St. Gregorios College, Kottarakkara.
5. Stock file.

Approved for issue,
Sd.
Section Officer

## Government of Kerala
## Abstract

Public Service — Kerala Collegiate Education Sub-Service Rule-Amendment issued—

---

EDUCATION 'F' DEPARTMENT

G. O. (P) No. 423/69 Edn. Trivandrum
Dated: 10-11-1969

---

### NOTIFICATION

In exercise of the powers conferred by Sub-Section (1) of Section 2 of Kerala Public Service Act, 1968 (19 of 1968), the Government of Kerala hereby make the following amendment to the Special Rules for the Kerala Collegiate Education Subordinate Service, published under G. O. (P) No. 283 dated 2nd September 1967 as sudsequently amended namely :—

### AMENDMENT

In Sub-rule (1) of rule 5 of the said rules, before the Table, the following provise shall be inserted, namely :—

"Provided that the upper age limit specified for the category 'Tutors and Demonstrators' shall not apply to teachers in Government High Schools for appointment as Tutors and Demonstrators in Arts and Science Colleges".

(By Order of the Governor)
K. C. Sankaranarayanan
Education Secretary

## University of Kerala

### NOTIFICATION

Acad L/PS/7/82

Amendment to the Kerala University Pension Statutes 1976.

Following the suggestions from the Chancellor, the under mentioned amendment to the Kerala University First Statutes in respect of Pension, Provident Fund, Gratuity, Insurance and Age of Retirement of teachers of Private Colleges, 1976, was adopted by the Senate at its meeting held on 26th/27th March 1982.

### AMENTMENT No. 8

That the existing form B under Statute 81 of Chapter V 'Kerala Private College Teachers' Provident Fund' of the Kerala University First Statutes in respect of Pension Provident Fund, Gratuity, Insurance and Age of Retirement of Teachers of Private Colleges, 1976, be substituted by the following amendment form :

### FORM B

(See Statute 81 Chapter V)

Form of application for Temporary advance against deposits in Kerala Private College Teachers' Provident Fund.

(CHAPTER V)

1. Name and Account No. of the subscriber.

2. Monthly pay, Dearness pay and designation.

3. Date of birth

4. Amount of advance required (both in figures and words)

5. Purpose for which it is required.

6. Date of complete repayment of the previous loan

7. Details of advance pending recovery
   (1) the amounts of previous advances.
   (2) dates of drawal of each advance.
   (3) balance outstanding against each advance.

8. Amount of consolidated advance – Item 4 and 7 (3) – and the number and amount of monthly instalments in which the consolidated advance is proposed to be repaid.

9. Name of treasury at which payment is desired.

10. I hereby declare that the above statements are true and that I agree to abide by the Kerala Private College Teachers' Provident Fund Statutes in force. I also promise to repay the above advance in equal monthly instalments.

Place :

Date : Signature of the subscriber with Name and Designation.

11. Enquiry certificate :

Place :

Date : (Signature of Principal)

VERIFICATION

12. Total amount at the credit of the applicant.

13. Amount of advance admissible

14. No of instalments of repayments

15. Any other fact requiring consideration.

Accounts Officer/Head of Office/ Department.

The amendment has received the ascent of the Chancellor and will came into force with effect from 30-5-1982.

## University of Calicut

Calicut University P. O., 673 635

No. GA/F4/11970/81 Dated : 28-2-82

From :

The Registrar,

To :

The Principals of all Private Colleges

Sir,

Sub :- Private College Teachers - Promotion-break of service-reckoning the period for all service benefits-regarding.

Ref ; 1. Copy of the Govt. letter No. 221/D1/80/H. Edn. dated 22-4-82 addressed to the Director of Collegiate Education.

2. Item No. 329 of the syndicate meeting dated 17-7-1982.

I am to inform you that the Syndicate at its meeting held on 17-7-1982 approved the Standing Committee recommendations that the actual period of inservice course spent by the teachers to improve their qualification may be considered for all service benefits.

It is, therefore, informed that the actual period of service spent by the teachers on inservice course conducted by the university for under qualified teachers to improve their qualification will be reckoned for all service benefits.

Yours faithfully,
Sd/-
DEPUTY REGISTRAR (G&A),
For Registrar.

(3-ാം പേജിന്റെ തുടർച്ച)

ണിവേഴ്സിററി 5 മാസം വൈകിക്കുന്നതെന്തിനാണ്? കഴിഞ്ഞ മെയ് 10 ന് ബിരുദാനന്തര ഫൈനൽ പരീക്ഷകൾ ആരംഭിച്ചു. ഇതെഴുതുന്നതീയതിക്ക് (ഒക്ടോബർ 8) അതുകഴിഞ്ഞ് അഞ്ചു മാസത്തിലധികമായി. പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ പരീക്ഷാഫലം കാത്തിരിക്കുന്നു. അവർക്ക് ഏർപ്പെടുന്ന മാനസിക സംഘർഷം എത്ര വലുതാണ്? അതിത്രയുംകാലം നീണ്ടുപോകുന്നു എന്നത് എത്രവലിയ ക്രൂരതയാണ്? വന്യജന്തു ജാലങ്ങളോടു ക്രൂരതകാട്ടുന്നതിനെതിരായി ശബ്ദമുയർത്തുന്ന പല സംഘടനകളും പ്രസ്ഥാനങ്ങളും ഇവിടെയുണ്ട്. എന്നാൽ, ഈ വിദ്യാർത്ഥികളുടെ മാനസികമായ പിരിമുറുക്കത്തിന്റെ കഥയോർക്കാനോ, അവരോടിത്തിരിയെങ്കിലും ദാക്ഷിണ്യം വേണ്ടതുണ്ട് എന്ന് ചിന്തിക്കാനോ, അതിന്റെ പേരിൽ ശബ്ദം ഉയർത്താനോ ഇവിടെ ആളും സംഘടനയുമില്ല. തങ്ങളുടെ പ്രാഥമികകർത്തവ്യത്തെപ്പററി വിദ്യാർത്ഥി സംഘടനകൾക്കുപോലും ശ്രദ്ധയില്ലല്ലോ എന്നതാണ് ഞങ്ങളെ ഏററവും അധികം അന്ധാളിപ്പിക്കുന്നത്.

ഇത് മാനസികമായ പിരിമുറുക്കത്തിന്റെ ഒരു കാര്യം മാത്രമല്ല പരീക്ഷാഫലംഅറിഞ്ഞാൽ പരീക്ഷ്യർക്ക് വല്ല ജോലിക്കും ശ്രമിക്കാമെന്നതുമുണ്ട്. ബിരുദാനന്തരപഠനം നടത്തുന്ന പലർക്കും കോളേജുകളിലേയ്ക്കാണ് നോട്ടം. കൊല്ലാരംഭത്തിലാണല്ലോ കോളേജുകളിൽ ഒഴിവും നിയമനവുമൊക്കെ ഉണ്ടാകുന്നത്. യൂണിവേഴ്സിററി ഉത്തരക്കടലാസ്സുകൾ കെട്ടി അടവച്ചിരിക്കുന്നതിന്റെഫലം പല ഉദ്യോഗാർത്ഥികൾക്കും ഒരു കൊല്ലം വെറുതെ നഷ്ടപ്പെട്ടു പോകുന്നു എന്നതാണ്.

പ്രീഡിഗ്രി പരീക്ഷാഫലം യുണിവേഴ്സിററിവേഗം പ്രസിദ്ധീകരിച്ചു എന്നു പറയാമോ; കാലിക്കററ് യുണിവേഴ്സിററി 101 ദിവസം കൊണ്ടാണ് ആ ജോലി പൂർത്തിയാക്കിയത്. ഏപ്രിൽ 15 ന് പരീക്ഷ തുടങ്ങി ഫലം ജുലായ് 26 ന് പ്രസിദ്ധീകരിച്ചു. 'കേന്ദ്രീകൃത'മായി ഉത്തരക്കടലാസ്സ് നോക്കിത്തീർക്കുന്ന സമ്പ്രദായത്തിലാണ് ഈ 101 ദിവസത്തെ വിളംബം. ജൂൺ 10-ാം തീയതിയോടെ ഉത്തരക്കടലാസ്സിന്റെ പരിശോധന ഏതാണ്ടെല്ലാകേന്ദ്രങ്ങളിലും പൂർത്തിയായിരുന്നു ജൂൺ മുഴുവനും ജൂലായിലെ 26 ദിവസവും (ആകെ 56 ദിവസം) യൂണിവേഴ്സിററി പരീക്ഷാവകുപ്പ് 'ടാബൂലേഷന്' എടുത്തസമയമാണ്.

ബി. എസ്സ്. സി. പരീക്ഷാഫലം 4 മാസംകൊണ്ടാണ് തയ്യാറാക്കിയത്. ബി. എ. ഫലങ്ങൾക്ക് 7 ദിവസം കുറച്ച് അഞ്ചുമാസം. എന്നാൽ ബി. കോം തന്നെയാണ് റെക്കാർഡ്. അഞ്ചുമാസവും പതിനൊന്നുദിവസവും.

ഇതൊക്കെ ഇങ്ങനെ വിരസമാകും വണ്ണം വിസ്തരിച്ചത് വെറുതെയാണെന്ന് വിചാരിക്കേണ്ട. കാര്യങ്ങൾ എവിടെച്ചെന്നു നിൽക്കുന്നു എന്ന് വിശദമാക്കാൻ വേണ്ടിയാണിത്. ഒരു യൂണിവേഴ്സിററിയെന്നുപറഞ്ഞ് കുറെ ആളുകൾ അവിടെ കോട്ടുംകെട്ടുമായി ഇരിക്കുന്നുണ്ടല്ലോ. വൈസ്ചാൻസലർ, പ്രോ-വൈസ്ചാൻസലർ, രജിസ്ട്രാർ, പരീക്ഷാവകുപ്പുമേധാവികൾ, ഗസററഡ് റാങ്കിലുള്ള എണ്ണമററ ഉദ്യോഗസ്ഥൻമാർ, സർവോപരി യൂണിവേഴ്സിററികാര്യങ്ങൾ കണിശമായി നോക്കിനടക്കാൻ ചുമതലയുള്ള ഏതാണ്ടൊന്നരഡസൻ സിൻഡിക്കേററ് മെമ്പർമാർ. യൂണിവേഴ്സിററിക്ക് നിർവ്വഹിക്കാനുള്ള ഏററവും ഗൗരവപ്പെട്ടജോലിയാണ് പരീക്ഷനടത്തലും പരീക്ഷാഫലം പ്രസിദ്ധീകരിക്കലും. കൊല്ലത്തിൽ രണ്ടു പ്രാവശ്യം അത് വേണ്ടതുണ്ട്. ഏപ്രിൽ-മെയ് പരീക്ഷയാണ് ഏററവും പ്രധാനം. പണ്ട് അത് മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പൂർത്തിയാകാറുണ്ടായിരുന്നു. പരീക്ഷാഫലം ജൂണിനുമുമ്പുവരും. രണ്ടാം പരീക്ഷ സെപ്ററംബറിലാണ് പതിവ്. മാർച്ച്-സെപ്ററംബർ-മാർച്ച് (എം എസ്സ് എം) എന്നാണല്ലോ പല്ലവി. ഇപ്പോൾ ഇത് ഒക്ടോബർ മാസമാണ്. നമ്മുടെ 1982ലെ പരീക്ഷയുടെ രജിസ്ട്രേഷൻപോലും ഇനിയും ആയിട്ടില്ല!

ആരെയെങ്കിലും കുററപ്പെടുത്താനല്ല ഞങ്ങളിത് വിവരിക്കുന്നത്. യഥാർത്ഥവസ്ഥിതികളെന്തെന്ന് അധികാരികൾ ഉള്ളിൽതട്ടി മനസ്സിലാക്കണമെന്നാണ് ഞങ്ങളുടെ ആ

ഗ്രഹം. പരീക്ഷകൾ എന്തായാലും നടത്താതെ പററില്ല. ഫല പ്രഖ്യാപനവും ഒഴിച്ചുകൂടാനാവാത്തതാണ് എന്നനിലക്ക്, അതിന് സമയബന്ധിതമായ ഒരു വ്യവസ്ഥയുണ്ടാകണം. കൊളമ്പസ് അമേരിക്ക കണ്ടുപിടിച്ചതുപോലെയോ, വാസ്കോഡിഗാമ കേരളത്തിൽ കപ്പലിറങ്ങിയതുപോലെയോ അജ്ഞാനത്തിലേയ്ക്കെടുത്തുചാടി, എന്തോ, എവിടെയോ ചെന്നെത്തുന്ന ഒരു സാഹസസംരംഭമൊന്നുമല്ലല്ലോ യൂണിവേഴ്സിററിയുടെ പരീക്ഷാ നടത്തിപ്പ്. ഇത്ര ആൾ എഴുതുന്നുണ്ട്. ഇത്ര ആൾ പരിശോധനയ്ക്കുവേണം. എല്ലാം കൂടി ഇത്ര നാളത്തെ ജോലിയുണ്ട്–എന്നെല്ലാം മുൻകൂട്ടി അറിയാം. സുനിഷ്കൃഷ്ടമായ വസ്തുസ്ഥിതിവിവരങ്ങൾ കയ്യിൽ വെച്ചുകൊണ്ടാണ് യൂണിവേഴ്സിററി അധികൃതൻമാർ പരീക്ഷക്കാര്യത്തിൽ ഈ 'പൊട്ടൻകളി' നടത്തുന്നത്. ആരും ചോദിക്കാനില്ലെന്നോ, എന്തായാലും കേസ്സില്ലെന്നോ കരുതിയിട്ടെന്നപോലെയുള്ള ഒരു ധാർഷ്ട്യമുണ്ട് യൂണിവേഴ്സിററിയുടെ ഈ ചെയ്തിയിൽ. ഇത് കോഴിക്കോട് സർവ്വകലാശാലയുടെ ഒരു പ്രത്യേകസ്വഭാവമാണെന്ന് വാദമില്ല. ഇക്കാര്യത്തിൽ, ഗുരുനാഥസ്ഥാനത്തിനു തന്നെ കേരളയൂണിവേഴ്സിററിക്ക് അർഹതയുണ്ട്. രണ്ട് യൂണിവേഴ്സിററികളുംചേർന്ന് കേരളത്തിലെ ഉപരി വിദ്യാഭ്യാസ മണ്ഡലത്തെ, ഒരു ഗ്രാമ്യ ശൈലിയിൽപ്പറഞ്ഞാൽ, കുട്ടിച്ചോറാക്കിയിരിക്കുന്നു.

രണ്ടു കാര്യങ്ങളാണ് പരീക്ഷയിൽ ശ്രദ്ധിക്കേണ്ടത്; ഒന്ന്, പരീക്ഷ നടത്തിപ്പും പരിശോധനയും അവികലമായിരിക്കുക; രണ്ട്, അനുപേക്ഷണീയമായിട്ടുള്ളതിലധികം ഒരു നിമിഷം പോലും വൈകിക്കാതെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുക. മററെന്തും മേൽപ്പറഞ്ഞതിനു വിധേയമായിട്ടാണിരിക്കേണ്ടത്. ഈ രണ്ടു സംഗതികളിൽ ദത്തദൃഷ്ടിയായി യൂണിവേഴ്സിററിക്കു പ്രവർത്തിക്കാനാവില്ലേ ആവേണ്ടതല്ലേ? ആവില്ലെന്ന് അവിടെഇരിക്കുന്നവർക്കു തോന്നുന്നെങ്കിൽ, അവർ അവിടെഇരിക്കുവാൻ കൊള്ളുകില്ല എന്നാണർത്ഥം. ആ നിലയിൽ തങ്ങൾ ചെയ്യേണ്ടതെന്താണെന്ന് അവർക്കു സ്വയം അറിയേണ്ടതാണ്.

കോളേജുകളിൽജോലിചെയ്യുന്നഅധ്യാപകൻമാരുടെ അഭിപ്രായമെന്നനിലയ്ക്കാണ് മേൽ പറഞ്ഞവിധം പ്രസ്താവിച്ചിട്ടുള്ളത്. ലോകർ കാണുന്ന ഉപരി വിദ്യാഭ്യാസ നടത്തിപ്പിന്റെ പ്രതിനിധികൾ അധ്യാപകരാണ്. പരീക്ഷാ ഫലം വരാത്തതിനെപ്പററി ഓരോ വിദ്യാർത്ഥിയും ഒരോ രക്ഷിതാവും അധ്യാപകരോടാണ് അന്വേഷിക്കുന്നത്. യൂണിവേഴ്സിററിയുടെ പിടിപ്പുകേട് ബഹുജനങ്ങളിൽ ജനിപ്പിക്കുന്ന നിന്ദയുടെ ഒരംശം അധ്യാപകർക്കിരിക്കുന്നു. അധ്യാപകർ ഒരു നിലയ്ക്കും അത് അർഹിക്കുന്നില്ല. മാത്രമല്ല, ഉത്തരക്കടലാസ്സ് നോക്കാൻ, അധ്യാപകർക്ക് ഏററവും കുറച്ചു ദിവസങ്ങളേ യൂണിവേഴ്സിററി കല്പിച്ചനുവദിക്കാറുള്ളൂ. ശരംപോലെ വരും യൂണിവേഴ്സിററിയുടെ കത്തും കമ്പിയും, മാർക്കുലിസ്ററിന് ഇത്തിരി വൈകിയാൽ. പറഞ്ഞുവരുന്നത് താമസം മുഴുവൻ യൂണിവേഴ്സിററി പരീക്ഷാ വകുപ്പിൽ തന്നെയാണെന്നു തന്നെ. പരീക്ഷ്യരുടെ എണ്ണം കൂടിയതാണോ അതിനുകാരണം? അങ്ങനെ പറഞ്ഞുകൂട. എന്തുകൊണ്ടെന്നാൽ, പരീക്ഷ്യരുടെ എണ്ണം കൂടുന്ന അതേ അനുപാതത്തിൽ, പരീക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണവും പെരുകുന്നുണ്ട്. പരീക്ഷാവകുപ്പിൽ ഇപ്പോൾ ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിന്റെ പ്രളയം തന്നെയാണുള്ളത്. കൂടുതൽ ജോലിക്ക് കൂടുതൽ ആൾ. കൂടുതൽ മേലന്വേഷണക്കാർ. എന്നിരിക്കെ, ഈ അന്തംകെട്ട കാലവിളംബത്തിന് എന്തു കാരണം? ഒന്നുകിൽ ജോലിചെയ്യേണ്ടവർ അതു ചെയ്യാഞ്ഞിട്ട്; മേലധികാരികൾക്ക് അവരെക്കൊണ്ട് ജോലിചെയ്യിക്കാനാകാഞ്ഞിട്ട്. അല്ലെങ്കിൽ, അത്രയൊക്കെയേവേണ്ടതുള്ളു എന്ന അലംഭാവവിലസിതംകൊണ്ട്. രണ്ടും പൊറുക്കത്തക്കതല്ല. പരീക്ഷാനടത്തിപ്പിലെ ഈ 'മുത്തപ്പന്റെ വഞ്ചി'നയവും അനുവദനീയമല്ല. ഈ വസ്തുത കടുപ്പിച്ചുപറയാൻവൈകിപ്പോയിരിക്കുന്നു. □

---

17-ാം പേജിന്റെ തുടർച്ച

ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് നിയമയുദ്ധത്തിന്നു പുറമെ പ്രത്യക്ഷസമരത്തിന്റെ മറെറാരു മുന്നണികൂടി തുറക്കുവാൻ സംഘടന നിർബന്ധിതമായിരിക്കയാണ്. നിയമക്കോടതിയിലെന്ന പോലെ കേരളത്തിലെ പ്രബുദ്ധമായ പൊതുജനാഭിപ്രായത്തിന്റെ മുന്നിലും ഈ പരാതി ഉന്നയിക്കാതെ വയ്യ അസ്സോസിയേഷന്. പ്രത്യക്ഷസമരത്തിന്റെ മുന്നോടിയായിട്ടാണ് അസ്സോസിയേഷന്റെ കോഴിക്കോട് ജില്ലയിലെ വാളണ്ടിയർമാർ ഒക്ടോബർ 7-ാംനു രാവിലെ 10 മണി മുതൽ 1മണിവരെ ക്രിസ്ത്യൻ കോളേജ് ഗേററിൽ സത്യഗ്രഹമനുഷ്ഠിക്കാൻ പോകുന്നത്. ഈ ധർണ്ണക്കു തുടർന്ന് അസ്സോസിയേഷൻ ഏറെറടുക്കാനിരിക്കുന്ന പ്രത്യക്ഷ സമരപരിപാടികൾക്കും എല്ലാ വിദ്യാഭ്യാസ തല്പരരുടെയും വിദ്യാർത്ഥി യുവജന തൊഴിലാളി സർവ്വീസ് സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും സഹായസഹകരണങ്ങൾ അസ്സോസിയേഷൻ അഭ്യർത്ഥിക്കുന്നു.

kerala private college teacher
monthly journal of the all kerala private college teachers' association
Registered No. KL/TV(N) 23
R. No. M. 30265/81
No. 40

# എ. കെ. പി. സി. ടി. എ.

## പന്ത്രണ്ടാമത് ത്രൈവാർഷിക കൺവെൻഷൻ

## 1983 ഫെബ്രുവരി 4,5,6 തീയതികളിൽ കൊല്ലത്ത്

കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്നു

# ജേർണൽ സ്പെഷ്യൽ

Advertisement Tariff

| | |
|---|---|
| Cover page (Back) | Rs. 3000 |
| Front inside cover | Rs. 2000 |
| Back inside cover | Rs 2000 |
| Full page | Rs. 1000 |
| Half page | Rs. 500 |
| Quarter page | Rs. 250 |

വിശദവിവരങ്ങൾക്ക് എഴുതുക

Chief Editor
KERALA
PRIVATE COLLEGE TEACHER
Vasantham, Kesavadasapuram
Trivandrum - 4

Printed and published by v. narayanan kutty, at chempaka printers, trivandrum-4 phone: 7027
chief editor: v. n. murali.